# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വർക്കല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/108/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/02/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വർക്കല മുനിസിപ്പാലിറ്റി

സർ,

**വിഷയം : വർക്കല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
4.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/108/2024 തീയ്യതി: 06/02/2024

## തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ.ജി | ജോയിന്റ് ഡയറക്ടർ | 09-01-2024 | 22-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2024 | 22-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ

ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി റീന.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

കുമാരി ദേവിക.പി, ഓഡിറ്റർ

ശ്രീ.നിധിൻ കുമാർ.പി.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എം.ലാജി. | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. സനൽകുമാർ.ഡി.വി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. രാജശ്രീ.ബി. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. സ്റ്റാൻലി.ജി.എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാധാകൃഷ്ണൻ.എസ്. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സനൽകുമാർ.ഡി.വി. | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഷൈൻ.എസ്.എസ്. | എച്ച്.എം. | 01-04-2022 | 31-03-2023 |
| ഡോ. ബൈജു.എസ്. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ജയകുമാർ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ- ക്ഷീരവികസനം | 01-04-2022 | 30-04-2022 |
| ശ്രീമതി ജാകിലിൻ.ജെ. | ഡെപ്യൂട്ടി ഡയറക്ടർ- ക്ഷീരവികസനം | 01-05-2022 | 05-05-2022 |
| ശ്രീമതി സിന്ധു.ആർ. | ഡെപ്യൂട്ടി ഡയറക്ടർ- ക്ഷീരവികസനം | 06-05-2022 | 31-03-2023 |
| ശ്രീമതി ഷെമീറ.ജെ. | പ്രോജക്റ്റ് ഓഫീസർ- നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 01-04-2022 | 22-08-2022 |
| ശ്രീമതി രേഖ.കെ.എം. | പ്രോജക്റ്റ് ഓഫീസർ- നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 23-08-2022 | 31-03-2023 |
| ശ്രീമതി ഹണി.ടി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 07-08-2022 |
| ശ്രീമതി ഇന്ദു ഗോപാലൻ | പട്ടികജാതി വികസന ഓഫീസർ | 08-08-2022 | 31-03-2023 |
| ശ്രീ. ബിജു.എസ്. | ഹെൽത്ത് ഓഫീസർ(ചാർജ്) | 01-04-2022 | 11-09-2022 |
| ശ്രീ. സുജിത്ത് സുധാകർ | ഹെൽത്ത് ഓഫീസർ(ചാർജ്) | 12-09-2022 | 01-12-2022 |
| ശ്രീ. അനിൽകുമാർ.ടി.ആർ. | ഹെൽത്ത് ഓഫീസർ(ചാർജ്) | 02-12-2022 | 12-02-2023 |
| ശ്രീ. മനോജ്.എം. | ഹെൽത്ത് ഓഫീസർ | 13-02-2023 | 31-03-2023 |
| ഡോ. ബിജു നെൽസൺ | മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 01-04-2022 | 31-07-2022 |
| ഡോ. അനിൽ.വി. | മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 01-08-2022 | 31-03-2023 |
| ശ്രീ. മന്മഥൻ.പി.സി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രേഖ.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 22-12-2022 |
| ശ്രീമതി റിജി.ജി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 23-12-2022 | 31-03-2023 |
| ശ്രീ. സന്തോഷ് കുമാർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി കൃഷ്ണകുമാരി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകളിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല – കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നുണ്ടോയെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | നിയമാനുസൃത കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-6 |
| 8 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | Equity Shares തുകയായ 2000000/- രൂപയുടെ ആധികാരികത ഉറപ്പിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല | 1-1-8 |
| 10 | ഓൺലൈൻ പേയ്മെന്റ് തുകകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-1-9 |
| 11 | ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-10 |
| 12 | ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല | 1-1-11 |
| 13 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Work In Progress” ശീർഷകവുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് മുൻകൂറായി നൽകിയ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്ഷേമ പദ്ധതികൾ | 1-6 |
| 23 | മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അക്കൗണ്ടുകളിലേക്ക് കൈമാറി. | 1-6-1 |
| 24 | ക്യാഷ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | വസ്തുനികുതി-അപാകങ്ങൾ | 1-11 |
| 29 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചതിലെ അപാകത | 1-11-1 |
| 30 | സ്വകാര്യ ആശുപത്രിയുടെ വസ്തുനികുതി ഈടാക്കിയതിലെ അപാകത | 1-11-2 |
| 31 | റിസോർട്ടുകളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നത് നികുതി വരുമാനത്തിലെ നഷ്ടത്തിന് കാരണമാകുന്നു | 1-11-3 |
| 32 | അടുത്തടുത്ത കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു | 1-11-4 |
| 33 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി- കുടിശിക തുക ഈടാക്കേണ്ടതാണ്. | 1-11-5 |

| | | |
|---|---|---|
| 34 | മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശിക തുക ഈടാക്കേണ്ടതാണ്. | 1-11-6 |
| 35 | തൊഴിൽ നികുതി-അപാകങ്ങൾ | 1-12 |
| 36 | ജീവനക്കാരുടെ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കിലും കുറവായി നിർണയിച്ചിരിക്കുന്നു | 1-12-1 |
| 37 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12-2 |
| 38 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-12-3 |
| 39 | ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12-4 |
| 40 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12-5 |
| 41 | ഗുഡ്സ് കാരിയേജ് വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-12-6 |
| 42 | റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-12-7 |
| 43 | ലേലം- അപാകങ്ങൾ | 1-13 |
| 44 | പാഴ്വസ്തുക്കളുടെയും തടികളുടെയും ലേലം- രേഖകൾ ലഭ്യമാക്കിയില്ല | 1-14 |
| 45 | ബങ്കുകളുടെയും കടമുറികളുടെയും വാടക- കുടിശിക ഈടാക്കേണ്ടതാണ് | 1-15 |
| 46 | പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. | 1-16 |
| 47 | ഒറ്റതവണ കെട്ടിടനികുതി അടച്ചതിന്റെ രസീതില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു. | 1-17 |
| 48 | ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു. | 1-18 |
| 49 | ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ. | 1-19 |
| 50 | ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-19-1 |
| 51 | ജിംനേഷ്യങ്ങൾക്ക് ലൈസൻസ് പുതുക്കിയിട്ടില്ല | 1-19-2 |
| 52 | ലൈസൻസ് നൽകൽ– മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല. | 1-19-3 |
| 53 | നായകളെ വളർത്തുന്നതിന് ലൈസൻസ് അനുവദിച്ചതിലെ അപാകം. | 1-19-4 |
| 54 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-20 |
| 55 | സഞ്ചയ പ്രകാരം ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളിൽ രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 56 | IBPMS Daily Collection Statement ലഭ്യമാക്കിയില്ല. | 1-22 |
| 57 | മത്സ്യ തൊഴിലാളികൾക്ക് കട്ടമരം– പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-23 |
| 58 | മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് മേശ കസേര - അപാകതകൾ | 1-24 |
| 59 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ– അപാകത | 1-25 |
| 60 | പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ– അപാകതകൾ | 1-26 |
| 61 | പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നിർവഹണത്തിൽ അപാകം | 1-27 |
| 62 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ– സ്റ്റോക്ക് / വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല. | 1-28 |
| 63 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതി- ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. | 1-29 |
| 64 | സ്വയം തൊഴിൽ വ്യക്തിഗതം - സംരംഭം പ്രവർത്തിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-30 |
| 65 | ഉയർന്ന നിരക്കിൽ ലാപ്ടോപ്പ് വാങ്ങി | 1-31 |
| 66 | പഠനമുറി നിർമ്മാണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-32 |
| 67 | വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-33 |
| 68 | വീട് വാസയോഗ്യമാക്കൽ -എസ്സ്.സി - നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 69 | സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ - റിപ്പോർട്ട് ലഭ്യമായിട്ടില്ല | 1-35 |
| 70 | നഗരസഭ ഠൗൺഹാൾ ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാകുന്നതിൽ കാലതാമസം | 1-36 |
| 71 | നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-37 |

| | | |
|---|---|---|
| 72 | കറവപ്പശു വളർത്തൽ -രേഖകൾ പൂർണമായും ലഭ്യമാക്കാതെ ആനുകൂല്യം അനുവദിച്ചു. | 1-38 |
| 73 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം. | 1-39 |
| 74 | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല | 1-40 |
| 75 | പി എം എ വൈ പദ്ധതി -അവലോകനം | 1-41 |
| 76 | വ്യക്തമായ ആസ്തിവിവരങ്ങളില്ലാതെ പാർക്കിംഗ് ഏരിയായിൽ കൽവെർട്ട് നിർമ്മാണം | 1-42 |
| 77 | നിക്ഷേപ പ്രവൃത്തിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചതിൽ വിനിയോഗശേഷം തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കി. | 1-43 |
| 78 | പേയ്മെന്റ് വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-44 |
| 79 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-45 |
| 80 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-46 |
| 81 | വജ്രജൂബിലി ഫെല്ലോഷിപ്പ് - രേഖകൾ പൂർണ്ണമായും ലഭ്യമല്ല. | 1-47 |
| 82 | സാമൂഹ്യ സുരക്ഷ മിഷന് വിഹിതം കൈമാറൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല. | 1-48 |
| 83 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷനായി തുക നൽകൽ– വിനിയോഗ വിവരം അനുബന്ധരേഖകൾ ലഭ്യമല്ല | 1-49 |
| 84 | ഫയർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് തുക അനുവദിക്കൽ - വിനിയോഗ വിവരം ,അനുബന്ധരേഖകൾ ലഭ്യമല്ല | 1-50 |
| 85 | പാപനാശം പ്രദേശത്തെ നഗര സഭയുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തൽ - തുടർ നടപടിവിവരം ലഭ്യമാക്കേണ്ടതാണ്. | 1-51 |
| 86 | ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. | 1-52 |
| 87 | പി എം എ വൈ പദ്ധതി-കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും നൽകാതെ 360000 രൂപയും പ്ളാൻ ഫണ്ടിൽ നിന്നും നൽകി | 1-53 |
| 88 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-54 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം- 200000രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വർക്കല മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.07.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 24.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വർക്കല മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തിരുവനന്തപുരം

തീയതി: 06.02.2024 സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16/12.01.2024) ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. സാംഖ്യ ഡബിൾ എൻട്രി സിസ്റ്റം പ്രകാരം ഡിമാന്റുകൾ ഒരു വർഷത്തിന്റെ തുടക്കത്തിലാണ് രേഖപ്പെടുത്തി വരുന്നതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16/12.01.2024 ന്റെ മറുപടി). ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകളിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ (എംപ്ലോയീസ്), തൊഴിൽ നികുതി രജിസ്റ്റർ (ട്രേഡേഴ്സ്), വാടക രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. വരവ് രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല – കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നുണ്ടോയെന്ന് ഉറപ്പാക്കാനായില്ല

B- 7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2021-22ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100303 | Contractor's Retention Money – Special Funds | 256440 |
| 340100304 | Contractor's Retention Money – Scheme Expenditure | 258380 |
| 340100305 | Supplier's Retention Money – Municipal Fund | 14200 |
| 340109900 | Other Deposits Received From Supplier's/ Contractors | 5753 |

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയിൽ കാലഹരണപ്പെട്ടതുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 35/17.01.2024) മറുപടിയായി, തുക പരിശോധിച്ച് കാലാവധി കഴിഞ്ഞവ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകൾ പരിശോധിച്ച് അവയിൽ കാലഹരണപ്പെട്ടവയുണ്ടെങ്കിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-5 നിയമാനുസൃത കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

"കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)" ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 01.04.2019 പ്രകാരമുള്ള പ്രസ്തുത ഇനത്തിലെ മുന്നിരിപ്പ് തുക 15473/- രൂപയാണ്. നിയമാനുസൃത കാലാവധി (3 വർഷം ) കഴിഞ്ഞ

സ്റ്റെയിൽ ചെക്കുകൾ ബാധ്യതാ ഹെഡിൽ നിന്നും ഒഴിവാക്കി വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയതായി കാണുന്നില്ല. വരും വർഷത്തിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 16/12.01.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (3/2023) പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ബാങ്ക് | ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| കാനറാ ബാങ്ക് - OWN Fund ( അക്കൗണ്ട് നമ്പർ - 1988101018200) | 1 | 694132/ 19.08.2019 | 141 * |
| | 2 | 77937/ 07.09.2019 | 771 * |
| | 3 | 679520/21.10.2019 | 1536 * |
| | 4 | 215283/16.03.2020 | 1810 * |
| | 5 | 215291/19.03.2020 | 2494 * |
| | 6 | 213482/20.11.2020 | 1212 |
| | 7 | 216045/19.01.2021 | 2000 |
| | 8 | 786505/12.03.2021 | 38136 |
| | 9 | 786412/23.02.2022 | 5670 |
| | 10 | 785974/16.05.2022 | 630 |
| | 11 | 786073/11.07.2022 | 500 |
| ICICI ബാങ്ക് ( അക്കൗണ്ട് നമ്പർ - 143301000482) | 1 | 016118/02.05.2019 | 350 * |

(* ടി ചെക്കുകൾ കാലഹരണപ്പെട്ട ചെക്കുകളാണ്. ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.)

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 45 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വരും വർഷത്തിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/12.01.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

നഗരസഭയിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 201-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2022 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ, ഇതിന്റെ വിശദാംശങ്ങൾ B-9 ൽ ഉൾപ്പെടുത്തിയിട്ടില്ല. ശമ്പള കുടിശ്ശിക മാത്രമാണ് സാധാരണയായി ബി- 9 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതെന്നും ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധന ചെലവ്, വൈദ്യുതി തുടങ്ങിയ ഇനങ്ങളിലെ ചെലവുകൾക്ക് വരും വർഷങ്ങളിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 16/12.01.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-8 Equity Shares തുകയായ 2000000/- രൂപയുടെ ആധികാരികത ഉറപ്പിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രികകളിൽ B-13 ഷെഡ്യൂളിൽ Equity Shares - Special Funds ഇനത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള 2,000,000/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 16/12.01.2024) മറുപടിയായി ക്ലീൻ കേരള കമ്പനിയിൽ നിന്നും ഓഹരി

വാങ്ങുന്നതിനായി അനുമതി നൽകിയ സർക്കാർ ഉത്തരവ് [സ.ഉ(സാധാ)നം.893/2024 തീയതി 26.03.2014] മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള 2000000/- രൂപയുടെ ഓഹരികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-9 ഓൺലൈൻ പേയ്മെന്റ് തുകകൾ ലഭ്യമാകുന്നതിൽ കാലതാമസം

വസ്തു നികുതിയിനത്തിൽ ലഭ്യമായ തുകയുടെ വാർഷിക ധനകാര്യ പത്രിക, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം (അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെ) | 26419424 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | 30211878 |

വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും വസ്തു നികുതി ഇനത്തിൽ ലഭ്യമായ തുകകൾ തമ്മിൽ 3792454/- രൂപയുടെ വ്യത്യാസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 35/ 17.01.2024) വസ്തു നികുതി ഓൺലൈൻ ആയി ഒടുക്കുമ്പോൾ പ്രസ്തുത തുക IKM പേയ്മെന്റ് ഗേറ്റ് വേ മുഖാന്തിരമാണ് നഗരസഭാ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതെന്നും ഇപ്രകാരമുള്ള തുക അതത് ദിവസങ്ങളിൽ നഗരസഭ അക്കൗണ്ടിൽ എത്താറില്ലായെന്നും സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിലെ തുക തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിലാണ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റാകുന്നതെന്നും ആയതിനാലാണ് വാർഷിക ധനകാര്യ പത്രികയിലെ തുകയും, സഞ്ചയയിലെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതെന്നും വിശദീകരിച്ചിട്ടുണ്ട്. വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നഗരസഭയുടെ വരുമാനം ഐ.കെ.എമ്മിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്നത് ഗൗരവതരമായി കാണേണ്ടതും, ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-1-10 ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി

ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവുകൾ റവന്യൂ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | ചെലവ് തുക | ഫണ്ട് | ചെലവ് രേഖപ്പെടുത്തിയ ഹെഡ് | ചെലവ് രേഖപ്പെടുത്തേണ്ട ഹെഡ് |
|---|---|---|---|---|
| 299/23 ഹെലിപാഡ് ടോയ്‌ലെറ്റിൽ ഓവർഹെഡ് ടാങ്കും മോട്ടോറും സ്ഥാപിക്കൽ | 99000 | ധനകാര്യ കമ്മീഷൻ അവാർഡ് | 250400801- Maintain Water Supply Schemes Within The Respective Municipal Area | 410800100 – Other Fixed Asset - Municiaplity |
| 348/23, വയോമിത്രം പദ്ധതിയ്ക്ക് പുതിയ ഫ്രിഡ്ജ് വാങ്ങൽ | 22751 | വികസന ഫണ്ട് ജനറൽ | 251300501- Welfare Of The Aged - General | 410700200 – Furniture, Fixtures, Fittings And Electrical Appliances – Transferred Institutions |
| 323/23, സ്കൂളുകളിലേയ്ക്ക് പാത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങൽ | 96723 | വികസന ഫണ്ട് ജനറൽ | 250401001 – Run The Government Pre – Primary Schools, Primary Schools And High Schools | 410800200 – Other Fixed Assets – Transferred Institutions |
| 190/23 മിനി എം.സി.എഫ് സെന്റർ സ്ഥാപിക്കൽ | 1376090 | ധനകാര്യ കമ്മീഷൻ അവാർഡ് | 251202601- Sanitation & Waste Management – Public General | 410800100 – Other Fixed Asset - Municiaplity |

### 1-1-11 ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 7 പ്രാരം ഓരാ ദിനാന്ത്യത്തിലും അക്കൗണ്ട്സ് ഓഫീസർ/ കണക്കുകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ക്യാഷ് ബുക്ക് പരിപാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 73/22.01.2024)

മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-12 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Work In Progress” ശീർഷകവുമായി പൊരുത്തപ്പെടുന്നില്ല

തൻവർഷം വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾ സംബന്ധിച്ച വിവരം ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്റെ (04/22-23) മറുപടി പരിശോധിച്ചതിൽ പ്രോജക്ട് നമ്പർ 103/23 – നഗരസഭ ടൗൺ ഹാൾ ഇലക്ട്രിക്കൽ ജോലികൾ എന്ന പ്രവൃത്തിയ്ക്കായി 1498436/- രൂപ CFC ഗ്രാന്റിൽ നിന്നും പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം നഗരസഭയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനായി പാർട്ട് ബില്ലായി നൽകിയ തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (79/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

### 1-1-13 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് മുൻകൂറായി നൽകിയ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 298/23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 84000 | - | 84000 |
| | 277/23 റ്റി എസ് കനാലിന്റെ സൈഡിലുള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ വള്ളക്കടവ് - തൊട്ടിപ്പാലം - കോട്ടമൂല | 669527 | - | 669527 |
| | 180/23 ഫയർ ഹൈഡ്രന്റ് സ്ഥാപിക്കൽ | 1145000 | - | 1145000 |
| കെ.എസ്.ഇ.ബി | 207/23 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2463194 | - | 2463194 |

വിവിധ പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് തൻവർഷം 1898527/- രൂപയും കെ.എസ്.ഇ.ബി യ്ക്ക് 2463194/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഹെഡ് കോഡ് 460500202 – Advance To Implementing Agencies – Specific Grant പരിശോധിച്ചതിൽ കെ.എസ്.ഇ.ബി. യ്ക്ക് വൗച്ചർ നമ്പർ 42200600 പ്രകാരം 175927/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക 2021-22 സാമ്പത്തിക വർഷം പ്രോജക്ട് നം.279/22 പ്രകാരം കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ച തുകയാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (59/20.01.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക തൻവർഷം നൽകിയതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി യിൽ നിന്നും 359054/- രൂപ വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായും ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-14 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

**1) ബാധ്യതയായി നിലനിർത്തിയിട്ടുള്ള തുകകൾ ക്രമീകരിക്കുന്നില്ല**

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | നീക്കിയിരിപ്പ് തുക | ഓഡിറ്റ് അന്വേഷണക്കുറിപ്പ് 35/17.01.2024 ന്റെ മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1 | 350119900 | Other Employee Liability Payable | 28570 | ശമ്പളത്തിൽ നിന്നും തെറ്റായ ഹെഡിൽ ഈടാക്കിയ തുകയാണ്. രേഖകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു ബാധ്യത നിലനിൽക്കുന്നതായി കാണുന്നില്ല. | രേഖകൾ പരിശോധിച്ചതിനു ശേഷം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| 2 | 350200103 | Recoveries Payable – Loan Recovery | 130525 | ശമ്പളത്തിൽ നിന്നും തെറ്റായ ഹെഡിൽ ഈടാക്കിയ തുകയാണ്. രേഖകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു ബാധ്യത നിലനിൽക്കുന്നതായി കാണുന്നില്ല. | |
| 3 | 350200203 | Recoveries Payable – Income Tax Dedeucted At Source-Special Funds | 6523 | 2020-21 സാമ്പത്തിക വർഷം Toilet Block Construction Work – ൽ നിന്നും Income Tax ആയി ഈടാക്കിയ തുക. Income Tax മറ്റൊരു ഹെഡിൽ നിന്നും ഒടുക്കിയിട്ടുണ്ട്. | തുക അടവാക്കിയി ട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം ബാധ്യതാ ഹെഡിൽ നിന്നും ക്രമീകരി ക്കേണ്ടതാണ്. |
| 4 | 350200209 | Recoveries Payable – Value Added Tax – Municipal Fund | 39372 | Value Added Tax – ന്റെ ബാക്കി തുക. തുക ഒടുക്കുന്നതിനുള്ള ഹെഡ് ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ തുക ഒടുക്കുവാൻ കഴിയുന്നില്ല | സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമാക്കി തുടർനടപടികൾ സ്വീകരി ക്കേണ്ടതാണ്. |
| 5 | 350200211 | Recoveries Payable – Value Added Tax – Special Funds | 5854 | | |
| 6 | 350200216 | Recoveries Payable – Kerala Construction Workers Welfare Fund – Special Funds | 6458 | ഫയൽ പരിശോധിച്ച് മറുപടി നൽകുന്നതാണ് | മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 7 | 350200301 | Recoveries Payable – Covid | 168654 | | |
| 8 | 350209900 | Recoveries Payable – Other Recoveries | 33500* | | |
| 9 | 350300400 | VAT Payable | 158772 | Value Added Tax – ന്റെ ബാക്കി തുക. തുക ഒടുക്കുന്നതിനുള്ള ഹെഡ് ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ തുക ഒടുക്കുവാൻ കഴിയുന്നില്ല | സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |

* 2021 -22 എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് - 33501/-

2) 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ

നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 460500201 | Advance To Implementing Agencies-Municipal Fund | 10000 |
| 2 | 460509902 | Other Advances – Specific Grants | 5000 |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/17.01.2024) ക്രമ നം. 2 പ്രകാരമുള്ള തുക ശ്രീ. സജീവ് എസ്-ന് നൽകിയതാണെന്നും, തുക ക്രമീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1 പ്രകാരമുള്ള അഡ്വാൻസ് ക്രമീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 24.03.2022 | 30.03.2023 |
| കൗൺസിൽ തീരുമാനം | 1 | 7 |
| മുന്നിരിപ്പ് | 69840554 | 92304042 |
| പ്രതീക്ഷിത വരവ് | 555331239 | 608312798 |
| ആകെ | 625171793 | 700616840 |
| പ്രതീക്ഷിത ചെലവ് | 572245876 | 646047898 |
| നീക്കിയിരിപ്പ് | 52925917 | 54568942 |

## 1-2-1 ബജറ്റ് – അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 (6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ല. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ/റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ബജറ്റ് പ്രകാരമുള്ള ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2532006 | 2500000 | 0 | 571831 |
| 2 | 2601003 | 0 | 0 | 25000 |
| 3 | 4103102 | 300000 | 1400000 | 7252529 |
| 4 | 4107002 | 3400000 | 294914 | 1397160 |
| 5 | 2535005 | 0 | 0 | 720000 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 74434697.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 261335932 |

| | |
|---|---|
| ആകെ | 335770629.75 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 265492255 |
| നീക്കിയിരിപ്പ് | 70278374.75 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 64581520 | 64581520 | 5897444 | 5607076 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 25894000 | 25894000 | 21568041 | 4325959 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 32207921 | 32207921 | 21528787 | 10679134 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 12515283 | 12515283 | 23586769 | -11071486 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 16071000 | 16071000 | 8688162 | 7382838 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 15733000 | 15733000 | 12054576 | 3678424 |
| CSS | 0 | 0 | 0 | 1833698 | -1833698 |
| SSS | 0 | 0 | 0 | 4344967 | -4344967 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

2) 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 16686633 | 10605503 | 63.56 |
| സേവനം | പൊതുവിഭാഗം | 145279399 | 85108647 | 58.58 |
| | പട്ടിക ജാതി | 36024661 | 21568041 | 59.87 |
| പശ്ചാത്തലം | പൊതുവിഭാഗം | 64109646 | 35297253 | 55.06 |

വിവിധ മേഖലകൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) സ.ഉ(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.7 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.8 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|

| | | | |
|---|---|---|---|
| വനിത ഘടക പദ്ധതി | 7021162 | 6349971 | 90.44 |
| കുട്ടികൾ | 3454000 | 2640357 | 76.44 |
| വൃദ്ധർ | 1972429 | 1525000 | 77.32 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 400000 | 24966 | 6.24 |
| ഭിന്നശേഷിയുള്ളവർ | 265374 | 254689 | 96.00 |

വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 320200110 | Grants/ Funds For Pandemic / Epidemic Control | 2464653 |
| 2 | 320200209 | Fund For Trnansferred Institution -Education Capital | 500000 |

തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) തൻവർഷം ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച 12490645/- രൂപ ( RP- 24 ഷെഡ്യൂൾ) ചെലവഴിച്ചിട്ടില്ല. തുക 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ യഥാസമയം ചെലവഴിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 06/11.01.2024 ന്റെ മറുപടി)


## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 69068000 | 58974444 | 10093556 |
| വികസനഫണ്ട് എസ്.സി.പി | 25894000 | 21568041 | 4325959 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 16071000 | 8688162 | 7382838 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 15733000 | 12054576 | 3678424 |

| | | | |
|---|---|---|---|
| **ആകെ** | **126766000** | **101285223** | **25480777** |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




1) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 350000 | 350000 | 100 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 660000 | 320000 | 48 |
| കൃഷി ഫീൽഡ് ഓഫീസർ | 7 | 6 | 1 | 2715490 | 2394500 | 88 |

| | | | | | | |
|---|---|---|---|---|---|---|
| സെക്രട്ടറി | 42 | 32 | 10 | 76919542 | 43476408 | 57 |
| എച്ച്.എം. | 11 | 10 | 1 | 3205000 | 2535618 | 79 |
| വെറ്റിനറി സർജൻ | 9 | 7 | 2 | 2998476 | 2112743 | 70 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 3 | 3 | 0 | 1200000 | 1200000 | 100 |
| പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 7 | 5 | 2 | 11717429 | 10054760 | 86 |
| പട്ടികജാതി വികസന ഓഫീസർ | 13 | 13 | 0 | 19629661 | 13373041 | 68 |
| ഹെൽത്ത് ഓഫീസർ | 20 | 9 | 11 | 12120406 | 5869095 | 48 |
| മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 13 | 10 | 3 | 9422360 | 8102075 | 86 |
| മുനിസിപ്പൽ എഞ്ചിനീയർ | 12 | 10 | 2 | 40693055 | 23564597 | 58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 0 | 7884374 | 6567242 | 83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 62 | 57 | 71292496 | 31374972 | 44 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 0 | 1292050 | 1284393 | 99 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 276 | 187 | 89 | 262100339 | 152579444 | 58 |

I)ആകെ പദ്ധതി ചെലവ് 58% മാത്രമാണ്.

വിവിധ പ്രോജക്ടുകളിൽ ടെന്റർ ഏറ്റെടുക്കാത്തതും സ്ഥലം ലഭ്യമാകാതിരുന്നതും കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത പദ്ധതികളിലെ ചെലവ് കുറയുന്നതിന് കാരണമായി വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 28/17.01.2024ന്റെ മറുപടി).

II)ഹെൽത്ത് ഓഫീസർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ ഫണ്ടിന്റെ 48% മാത്രമാണ് ചെലവഴിച്ചത്.

അർഹരായ ഗുണഭോക്താക്കളുടെ അഭാവം വ്യവസായവികസന ഓഫീസറുടെ ഫണ്ട് വിനിയോഗത്തിലെ കുറവിന് കാരണമായി വിശദീകരിച്ചിട്ടുണ്ട്.

III)അസിസ്റ്റന്റ് എഞ്ചിനീയർ 119 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 57 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഇതിൽ, 28/23, 34/23, 35/23, 36/23, 48/23, 49/23, 61/23, 93/23, 95/23, 50/23, 53/23 എന്നീ സ്പിൽ ഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു. ആകെ വകയിരുത്തിയ ഫണ്ടിന്റെ 44% മാത്രമാണ് ചെലവഴിച്ചത്.

IV)സെക്രട്ടറി വകയിരുത്തിയ ഫണ്ടിന്റെ 57% മാത്രമാണ് ചെലവഴിച്ചത്.

<u>(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)</u>

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 72973918 | 58974444 | 81 |

| | | | |
|---|---|---|---|
| എസ്.സി.പി. | 27759661 | 21568041 | 78 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 83437782 | 45115556 | 54 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 20297943 | 1833698 | 9 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12464538 | 4344967 | 35 |
| തനത് ഫണ്ട് | 365000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 18863178 | 8688162 | 46 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 18218319 | 12054576 | 66 |
| മറ്റുള്ളവ | 5728360 | 545630 | 10 |
| ആകെ | 267828699 | 153125074 | 57 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 86/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ 2022-23 വർഷം ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

26.05.2022, 08.06.2022എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 16ഉം 15ഉം അംഗങ്ങളാണ് പങ്കെടുത്തത്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 86/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് 20.05.2022, 21.06.2022 എന്നീ തീയതികളിൽ നടന്ന യോഗങ്ങളിൽ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് ശുപാർശ ചെയ്തിരിക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പിന്റെ കീഴിൽവരുന്ന പ്രശ്നമല്ലായെങ്കിലും പൊതുജനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നമായതിനാലാണ് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശമായി വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം മോണിറ്ററിംഗ് നടന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും അത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 28/17.01.2024ന്റെ മറുപടി) |
|---|---|---|---|---|
| I | കുടിവെള്ളം | 21.03.2022 | ഉപയോഗിക്കാത്ത പൊതു ടാപ്പുകൾ ക്ലോസ് ചെയ്യുക. | വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി ക്ലോസ് ചെയ്തിട്ടുണ്ട്. |
| Ii | നഗരാസൂത്രണം | 21.05.2022 | ശ്മശാനം, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം | ശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലംവാങ്ങി ടെന്റർ നടപടികൾ സ്വീകരിച്ചു. കമ്മ്യൂണിറ്റിഹാളിന് അനുയോജ്യമായ സ്ഥലമില്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| Iii | ദാരിദ്ര്യ ലഘൂകരണം | 20.05.2022 | ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുക. | ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി 20സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. |
| Iv | പാർപ്പിടം | 24.05.2022 | മുനിസിപ്പാലിറ്റി നിർമ്മിച്ച് നൽകിയ വീടുകളിൽ ഉടമസ്ഥർ തന്നെ താമസിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും അല്ലാത്ത വാടകക്കാർ താമസിക്കുന്ന കെട്ടിടങ്ങൾ പിടിച്ചെടുത്ത് അർഹരായ ഭവനരഹിതർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക. | നിയമപരമായി ഔദ്യോഗിക തലത്തിൽ നടപ്പിലാക്കാൻ സാധിക്കുകയില്ല. |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 28/17.01.2024ന്റെ മറുപടി) |
|---|---|---|---|---|
| I | മൃഗസംരക്ഷണം, ക്ഷീരവികസനം | അതീവ ഗുരുതരം | ഉയർന്ന ഉല്പാദന ചെലവ് | പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി മുതലായ പ്രോജക്ടുകൾ നടപ്പാക്കി. |
| Ii | കൃഷി | ഗുരുതരം | മത്സ്യ ബന്ധനോപാധികളുടെ ക്ഷാമം | ഫൈബർ കട്ടമരം, വല എന്നിവയുടെ വിതരണം നടത്തി. |
| Iii | സാമൂഹ്യ നീതി | അതീവ ഗുരുതരം | അങ്കണവാടികളിൽ സ്ഥലം ഇല്ലായ്മ, കെട്ടിടമില്ലായ്മ. | 2021-22 വർഷം നാല് അങ്കണവാടികൾക്ക് സ്ഥലം വാങ്ങി. |
| Iv | ശുചിത്വം | അതീവ ഗുരുതരം | മാലിന്യ സംസ്കരണത്തിന് സംവിധാനം ഇല്ലാത്തത് | 4000 വീടുകളിൽ ബയോബിൻ വിതരണം ചെയ്തു. ക്രിമറ്റോറിയം, എസ്.റ്റി.പി. പ്ലാന്റ്, ഡയപ്പർ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നിർവ്വഹണം നടന്നുവരുന്നു. |

വാർഡ് സഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ് സഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. വാർഡ് സഭ മിനിട്സിന്റെ (വാർഡ് 4, 6, 11, 16, 21, 23, 33) പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം വാർഡ് സഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വ്യക്തത വരുത്താവുന്നതാണ്. വായ്പാ ബന്ധിത പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

പദ്ധതി വിഹിതത്തിലൂടെ മുനിസിപ്പാലിറ്റിയുടെ വികസന ലക്ഷ്യങ്ങൾ പൂർണ്ണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേണ ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗ്ഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 91200 | 128 |
| കർഷക തൊഴിലാളി പെൻഷൻ | 78400 | 9 |
| വിധവ പെൻഷൻ | 21520400 | 230 |
| വാർദ്ധക്യകാല പെൻഷൻ | 41153500 | 3900 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 173200 | 17 |
| വികലാംഗ പെൻഷൻ | 5402700 | 495 |

### 1-6-1 മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അക്കൗണ്ടുകളിലേക്ക് കൈമാറി.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും സർക്കുലർ നം.63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉൾപ്പെടുന്ന പക്ഷം സെക്രട്ടറി അടുത്ത മാസം പത്താം തീയതിക്ക് മുമ്പ് പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്ത് അനർഹരായവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

നഗര സഭയിലെ 2022 വർഷത്തെ ഏതാനും മരണ റിപ്പോർട്ടുകളും ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന പെൻഷൻ സോഫ്റ്റ്‌വെയറും പരിശോധിച്ചപ്പോൾ ഗുണഭോക്താവിൻറെ മരണശേഷവും ഏതാനും മാസങ്ങൾ സാമൂഹ്യ സുരക്ഷ പെൻഷൻ തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിരിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷനറുടെ പേര്, പെൻഷൻ ഐഡി | പെൻഷൻ ഇനം | പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനം | മരണപ്പെട്ട തീയതി | അവസാനം പെൻഷൻ വിതരണം ചെയ്ത തീയതി | മരണ ശേഷം വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് സലിം, 102300202358 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് | 09.01.2022 | ഏപ്രിൽ 2022 | 4800 (1600x3) |
| 2 | രത്നവല്ലി, 102410200268 | ദേശീയ വാർദ്ധക്യകാല പെൻഷൻ | അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് | 27.01.2022 | ജൂൺ 2023 | 27200 (1600x17) |
| 3 | ശങ്കരി, 102270202784 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ഇലകമൺ ഗ്രാമ പഞ്ചായത്ത് | 15.02.2022 | മെയ് 2022 | 1800 (600x3) |
| 4 | സുകേശിനി, 101720202724 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 13.02.2022 | ഏപ്രിൽ 2022 | 3200 (1600x2) |
| 5 | വിജയകുമാർ ഡി, 101720201617 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 29.03.2022 | സെപ്റ്റംബർ 2022 | 9600 (1600x6) |
| 6 | പുഷ്പാംഗദൻ ജി, 102280100102 | കർഷക തൊഴിലാളി പെൻഷൻ | മണമ്പൂർ ഗ്രാമ പഞ്ചായത്ത് | 08.04.2022 | ജൂൺ 2023 | 22400 (1600x14) |
| 7 | ഉമൈബാബീവി, 101720201006 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 06.04.2022 | സെപ്റ്റംബർ 2022 | 8000 (1600x5) |
| 8 | ശാന്തമ്മ , 102270200937 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ഇലകമൺ ഗ്രാമ പഞ്ചായത്ത് | 28.04.2022 | ജൂൺ 2023 | 22400 (1600x14) |
| 9 | പങ്കറാബാസ്, 102410201970 | ദേശീയ വാർദ്ധക്യകാല പെൻഷൻ | അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് | 02.05.2022 | ജൂൺ 2023 | 20800 (1600x13) |
| 10 | മോഹനദാസ് എസ്, 101720202237 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 15.08.2022 | ജൂൺ 2023 | 16000 (1600x10) |
| 11 | രേണുകാദേവി, 101720200258 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 22.08.2022 | ജൂൺ 2023 | 16000 (1600x10) |
| 12 | ഫാത്തിമാബീവി, 102250200122 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | 15.08.2022 | ജൂൺ 2023 | 16000 (1600x10) |
| 13 | ഷാജഹാന് എ, 101720203567 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 12.08.2022 | ജൂൺ 2023 | 16000 (1600x10) |
| 14 | നസീർ, 102280201577 | ദേശീയ വാർദ്ധക്യകാല പെൻഷൻ | മണമ്പൂർ ഗ്രാമ പഞ്ചായത്ത് | 20.09.2022 | ജൂൺ 2023 | 14400 (1600x9) |
| 15 | നളിനാക്ഷൻ ബി, 102250204062 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | 14.09.2022 | ജൂൺ 2023 | 14400 (1600x9) |
| 16 | സുരേന്ദ്രൻ നായർ കെ, 101720201893 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 26.09.2022 | നവംബർ 2022 | 3200 (1600x2) |
| 17 | എസ്.വിശ്വനാഥൻചെട്ടിയാർ, 101720200280 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 26.09.2022 | നവംബർ 2022 | 3200 (1600x2) |

| | | | | | | |
|---|---|---|---|---|---|---|
| 18 | നളിനി , 102310201316 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വെട്ടൂർ ഗ്രാമ പഞ്ചായത്ത് | 09.06.2022 | ജൂൺ 2023 | 19200 (1600x12) |
| 19 | ബ്രഹ്മാനന്ദൻ , 102460200726 | ദേശീയ വാർദ്ധക്യകാല പെൻഷൻ | കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് | 04.07.2022 | ജൂൺ 2023 | 17600 (1600x11) |
| 20 | സത്താർ യൂസഫ്, 102310202169 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വെട്ടൂർ ഗ്രാമ പഞ്ചായത്ത് | 09.07.2022 | സെപ്റ്റംബർ 2022 | 3200 (1600x2) |
| 21 | വാസു , 102250202986 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | 08.10.2022 | ജൂൺ 2023 | 12800 (1600x8) |
| 22 | ഹമീദ എം, 101720203425 | ദേശീയ വാർദ്ധക്യകാല പെൻഷൻ | വർക്കല മുനിസിപ്പാലിറ്റി | 19.11.2022 | ജൂൺ 2023 | 11200 (1600x7) |
| 23 | പ്രസന്ന, 101720600329 | ദേശീയ വിധവ പെൻഷൻ സ്കീം | വർക്കല മുനിസിപ്പാലിറ്റി | 16.12.2022 | ജൂൺ 2023 | 9600 (1600x6) |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 45/19.01.2024) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് അധികം കൈമാറിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2024, 10.20 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5795/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ വേഗത, സുതാര്യത എന്നിവയെ നിർണായകമായി സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ആഭ്യന്തര നിയന്ത്രണം. വർക്കല മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്.

ഫയലുകൾ, രേഖകൾ മുതലായവ ലഭ്യമാക്കുന്നതിലും ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. ആകെ 83 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 34 എണ്ണത്തിനാണ് മറുപടി ലഭ്യമാക്കിയത്.

ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിലേക്കായി ചുവടെ വിവരിക്കുന്ന വിഷയങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഓഫീസ് ഉത്തരവിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

| ഓഫീസ് ഉത്തരവ് നമ്പർ | നിർദ്ദേശം |
|---|---|
| ജി1-10220/17 തീയതി 09.05.2022 | നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതും നാളിതുവരെ നഗരസഭയിൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതും അസസ്സ് ചെയ്തിട്ടില്ലാത്തതുമായ എല്ലാ പരസ്യ ബോർഡുകളുടെയും വിവരങ്ങൾ പരസ്യ ബോർഡിന്റെ ഏകദേശ അളവ് ഉൾപ്പെടെ അടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിനുമായി അതാത് വാർഡിന്റെ ചുമതലയുള്ള ബിൽ കളക്ടർമാരെ നിയമിച്ച് ഉത്തരവാകുന്നു. |

2)കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

3)2021-22വർഷം പൌരാവകാശരേഖ പുതുക്കി 2022 ഏപ്രിൽ മാസത്തിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്.

4)നഗരസഭയുടെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 2023 മാർച്ച് വരെയാണുള്ളത്. പുതുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

7)ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചെങ്കിലും(ഓഡിറ്റ് എൻക്വയറി നമ്പർ

29/17.01.2024ന്റെ മറുപടി) ലഭ്യമാക്കിയ രജിസ്റ്ററിൽ മുനിസിപ്പൽ ജീവനക്കാരുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

8)പൊതുജനങ്ങൾക്കുള്ള പരാതിപ്പെട്ടി സൂക്ഷിച്ചിട്ടുണ്ട്.

9) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

10)വാർഷിക ധനകാര്യപത്രിക, ബജറ്റ് എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11)മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അക്കൗണ്ടുകളിലേക്ക് കൈമാറാനിടയായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്.

12)വസ്തു നികുതി, തൊഴിൽ നികുതി എന്നിവ നിർണയിക്കുന്നതിലും ഈടാക്കുന്നതിലുമുണ്ടായ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

13)പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നി കാര്യക്ഷമമാക്കേണ്ടതുണ്ട്.

14)നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സത്വരമാക്കേണ്ടതാണ്.

15)ലാപ് ടോപ്പുകൾ ഒരുമിച്ച് വാങ്ങാതെ ആദ്യം 12 ലാപ്ടോപ്പും, രണ്ടാമത് ഉയർന്ന നിരക്കിൽ 3 ലാപ്ടോപ്പും വാങ്ങിയതിനാൽ 30,663/- രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.

## 1-9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ+ ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്(AUEGS) | 3087748.89 | 15016710 | 18104458.89 | 18084771.22 | 19687.67* |

*ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 19689(Head Code 450410600 -Punjab National Bank Ayyankali). ടോട്ടൽ പൂവർട്ടി അലിവേഷൻ ഫണ്ടിന്റെ ലെഡ്ജർ പ്രകാരം (Head Code:311100100) തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൂടാതെ മറ്റ് ഫണ്ടുകളുടെയും (ഉദാ.NULM, കുടുംബശ്രീ) വരവുചെലവുകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ യഥാർത്ഥ വരവുചെലവുകൾ ക്യാഷ് ബുക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്താനാകുന്നില്ല. തുക പൊരുത്തപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ഹെഡിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21.07.2022 | 2017-18 മുതൽ 2021-22 വരെ | 31.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2022 മുതൽ 28.06.2022 വരെ | 2019-20 മുതൽ 2021-22 വരെ | 29.07.2022 |

## 1-11 വസ്തുനികുതി-അപാകങ്ങൾ

വർക്കല മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചതിലെ അപാകത

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ,

ഗോഡൌൺ എന്ന് രേഖപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | വിസ്തീർണം |
|---|---|---|---|
| 1 | 25/7 | പൃഥിരാജ്ആനന്ദൻ, ആനന്ദ ഭവൻ, കണ്ണമ്പ ,പുല്ലാനി കോട്,വർക്കല | 160ച മീ |
| 2 | 25/333 | ഷംസുദീൻ | 300ച മീ |
| 3 | 25/369 | നസീമ,ഷാനിമോൻ,ഷാജിമോൻ,ഷാരിയാര്,ഷംനാദ് | സെല്ലാർ 163.8ച മീ, താഴത്തെ നില 147.5ച മീ |
| 4 | 25/392 | ബഷീർ | 214.2ച മീ |
| 5 | 25/396 | എ.ബഷീർ | 130ച മീ |
| 6 | 25/821 | കബീർജലാലുദ്ദീൻ | 234.93ച മീ |
| 7 | 26/311 | എസ്.രവികുമാർ | 120ച മീ |
| 8 | 26/312 | ലീന രവികുമാർ | 271.29ച മീ |
| 9 | 28/506 | ഹൈഫ മനാഫ്,റാഫി മൻസിൽ,പാലച്ചിറ,വർക്കല പി ഒ | 248.63ച മീ |
| 10 | 28/552 | മധുകുമാർ, ലക്ഷ്മി സദനം,വർക്കല | 233.32ച മീ |
| 11 | 29/315 | ഡോ.റ്റി.മനോജ്, സരോജഭവൻ,പേട്ട | 139ച മീ |

നഗരസഭയിലെ 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 90/- രൂപയായിരിക്കെ 70/- രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്.

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 60/22.01.2024 ന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ വാർഡുകളിലും പരിശോധന നടത്തി, പ്രസ്തുത അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-2 സ്വകാര്യ ആശുപത്രിയുടെ വസ്തുനികുതി ഈടാക്കിയതിലെ അപാകത

1997ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, പ്രകാരം രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിലാണ്.

| വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണം (ച.മീ) | കെട്ടിട ഉടമ | രജിസ്ട്രേഷൻ അപേക്ഷകൻ |
|---|---|---|---|
| 25/1084 | 211.2 | എൻ.മോഹൻ | സിനുമോഹൻ |

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നഗരസഭ നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി നിരക്ക് ച.മീറ്ററിന് 13/- രൂപയും ആശുപത്രികളുടേത് ച.മീറ്ററിന് 15/- രൂപയും ആണ്.

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 80/22.01.2024) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-3 റിസോർട്ടുകളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നത് നികുതി വരുമാനത്തിലെ നഷ്ടത്തിന് കാരണമാകുന്നു

നഗരസഭയിൽ 2022-23 വർഷം ലൈസൻസ് എടുത്ത റിസോർട്ടുകൾക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണയിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റിസോർട്ടിന്റെ പേര് | കെട്ടിട നമ്പർ | വിസ്തീർണം (ച മീ) | സഞ്ചയ പ്രകാരം കെട്ടിടത്തിൻറെ ഉപയോഗക്രമം | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി (രൂപ) |
|---|---|---|---|---|---|
| 1 | BLACK BEACH | 28/11 | 311.5 | പാർപ്പിടാവശ്യം | 13 |

| | | | | | |
|---|---|---|---|---|---|
| | RESORT | | | | |
| 2 | Krishnatheeram Ayur Holy Beach Resort | 28/12 | താഴത്തെ നില 60.9ച മീ, ഒന്നാം നില 43.6ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 90 |
| | | 28/13 | 94.04 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 |
| | | 28/14 | 45.36 | | 70 |
| | | 28/15 | 45.36 | | 70 |
| | | 28/16 | 45.36 | | 70 |
| | | 28/17 | 45.63 | | 70 |
| 3 | PUCCINILALA ECO WELLNESS RESORT | 28/150 | 25 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 50 |
| | | 28/151 | 25 | | 50 |
| | | 28/152 | 25 | | 50 |
| | | 28/153 | 25 | | 50 |
| | | 28/154 | 25 | | 50 |
| | | 28/155 | 25 | | 50 |
| | | 28/156 | 25 | | 50 |
| | | 28/157 | 25 | | 50 |
| | | 28/158 | 25 | | 50 |
| 4 | IHA AYURVEDA RESORT | 28/290 | 138.68 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 50 |
| | | 28/291 | 122.21 | പാർപ്പിടാവശ്യം | 13 |
| 5 | LA MIRBAN COCONUT COUNTY BEACH RESORT | 28/575 | 26.8 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 50 |
| | | 28/576 | 26.8 | | 50 |
| | | 28/577 | 26.8 | | 50 |
| | | 28/578 | 26.8 | | 50 |
| | | 28/579 | 26.8 | | 50 |
| | | 28/580 | 134.31 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 90 |
| 6 | MOHANS BEACH RESORT | 28/547 | 77 | പാർപ്പിടാവശ്യം | 13 |
| | | 28/548 | 77 | പാർപ്പിടാവശ്യം | 13 |
| 7 | SKYLINE BEACH RESORT | 28/173 | 71.02 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 |
| | | 28/174 | 61.5 | പാർപ്പിടാവശ്യം | 13 |
| | | 28/175 | 61.56 | പാർപ്പിടാവശ്യം | 13 |
| | | 28/176 | 134.2 | അസംബ്ലി കെട്ടിടം, | 50 |

| | | | | |
|---|---|---|---|---|
| | | | കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, | |
| | 28/177 | 150.4 | സിനിമ തിയേറ്റർ | 50 |

റിസോർട്ടുകൾക്ക് ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് 90 രൂപയാകുമ്പോൾ മേൽപ്രകാരം മറ്റ് ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. 28/12, 28/580 എന്നീ കെട്ടിടങ്ങൾക്ക് വസ്തുനികുതി 90/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 71/22.01.2024 ന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ വാർഡുകളിലും ലൈസൻസ് എടുത്ത റിസോർട്ടുകൾക്ക് ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി വരുമാനത്തിലെ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-4 അടുത്തടുത്ത കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു

ഒരേ റിസോർട്ടിന്റെ രണ്ട് കെട്ടിടങ്ങൾ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| റിസോർട്ട് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| IHA AYURVEDA RESORT | 28/290 | തൃതീയം |
| | 28/291 | ദ്വിതീയം |
| MOHANS BEACH RESORT | 28/547 | ദ്വിതീയം |
| | 28/548 | പ്രഥമം |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 71/22.01.2024) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ഇളവു നൽകുന്നതിനുള്ള മേഖലാനിർണയത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-5 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി- കുടിശിക തുക ഈടാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ വസ്തുനികുതി അടവാക്കുന്നതിൽ കുടിശികയുള്ളതായി കാണുന്നു. ഉദാഹരണമായി, ക്രമനമ്പർ 1-120 വരെയുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ കുടിശിക ഉള്ളതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Door NO | Owner Name | കുടിശികയുള്ള വർഷം | ആകെ അടവാക്കാനുള്ള തുക (രൂപ) |
|---|---|---|---|---|
| 1 | 10/357/1UA1 | Principal, Sree Narayana Guru College Of Advanced Studies | 2012 2nd Half -2022 2nd Half | 1498319/- |
| 2 | 10/357/1UA2 | Principal, Sree Narayana Guru College Of Advanced Studies | 2012 2nd Half -2022 2nd Half | 2052751/- |
| 3 | 10/357/1UA3 | Principal, Sree Narayana Guru College Of Advanced Studies | 2012 2nd Half -2022 2nd Half | 2985211/- |
| 4 | 13/128/UA1 | Joy | 2018 1st Half -2022 2nd Half | 10005/- |
| 5 | 15/152/3 UA1 | Madadhipathi, Sivagiri Sreenarayana Dharma Sangham | 2018 2nd Half -2022 2nd Half | 6376833/- |
| 6 | 21/59/UA1 | Shahida | 2017 1st Half -2022 2nd Half | 1131681/- |
| 7 | 21/185/UA1 | Shamna | 2019 2nd Half -2022 2nd Half | 35360/- |

| | | | | |
|---|---|---|---|---|
| 8 | 21/323/UA1 | Muhammed Noohu Safiyulla, Al Amal | 2018 1st Half -2022 2nd Half | 554245/- |
| 9 | 21/323/UA2 | Muhammed Noohu Safiyulla, Al Amal | 2018 1st Half -2022 2nd Half | 707475/- |
| 10 | 27/222/UA1 | Girija Vallabhan, Vallabhan Auditorium | 2019 2nd Half -2022 2nd Half | 395577/- |
| 11 | 27/452/1-Ua1 | Lalu, Karnatic Shop | 2017 1st Half -2022 2nd Half | 107130/- |
| 12 | 27/452/1-Ua2 | Prakash Rana, Mamma Chompos | 2017 1st Half -2022 2nd Half | 139728/- |
| 13 | 28/11/Ua1 | Sabu, Black Beach | 2020 1st Half-2022 2nd Half | 83733/- |
| 14 | 28/11/UA2 | Sabu, Black Beach | 2018 2nd Half-2022 2nd Half | 34190/- |
| 15 | 28/11/UA3 | Sabu, Black Beach | 2019 1st Half-2022 2nd Half | 34186/- |
| 16 | 28/11/UA4 | Sabu, Black Beach | 2019 1st Half-2022 2nd Half | 73338/- |
| 17 | 28/11/UA5 | Sabu, Black Beach | 2019 1st Half-2022 2nd Half | 70588/- |
| 18 | 28/11/UA6 | Sabu, Black Beach | 2019 1st Half-2022 2nd Half | 18092/- |
| 19 | 28/11/UA7 | Sabu, Black Beach | 2020 1st Half-2022 2nd Half | 10141/- |
| 20 | 28/23/Ua1 | Riyas, Smiling Arts Emporium | 2017 1st Half-2022 2nd Half | 65250/- |
| 21 | 28/23/UA10 | Dr.Jameen Sreedharan, Samgamam | 2019 1st Half-2022 2nd Half | 270968/- |
| 22 | 28/23/UA11 | Dr.Jameen Sreedharan, Samgamam | 2017 1st Half-2022 2nd Half | 134328/- |
| 23 | 28/23/UA12 | Dr.Jameen Sreedharan, Samgamam | 2017 1st Half-2022 2nd Half | 136938/- |
| 24 | 28/23/Ua3 | Naveeen, Italiano | 2020 1st Half-2022 2nd Half | 299718/- |
| 25 | 28/23/UA4 | ANILKUMAR, Massage Centre | 2017 1st Half-2022 2nd Half | 46728/- |
| 26 | 28/23/Ua5 | Dr.Rajendra Prasad, Massage Centre,Alicera | 2017 1st Half-2022 2nd Half | 101430/- |
| 27 | 28/23/UA6 | Dr.Rajendra Prasad ,Alicera Hut | 2017 1st Half-2022 2nd Half | 66782/- |
| 28 | 28/23/Ua7 | Dr.Rajendra Prasad ,Alicera Hut No 2 | 2017 1st Half-2022 2nd Half | 30270/- |

| | | | | |
|---|---|---|---|---|
| 29 | 28/23/UA9 | Shynimol, Parakudi House | 2017 1st Half-2022 2nd Half | 185184/- |
| 30 | 28/43/UA2 | Sbeer, Same Same But Different | 2017 1st Half-2022 2nd Half | 37848/- |
| 31 | 28/99/1-Ua1 | Renjith, Restaurant | 2017 1st Half-2022 2nd Half | 153894/- |
| 32 | 28/99/1-Ua2 | Renjith, Restaurant | 2017 1st Half-2022 2nd Half | 95634/- |
| 33 | 28/99/1-Ua3 | Renjith, Restaurant | 2017 1st Half-2022 2nd Half | 85644/- |
| 34 | 28/107/E-UA2 | Ijas Ahammed, Kashmiri Textiles | 2017 1st Half-2022 2nd Half | 42174/- |
| 35 | 28/138/UA2 | Kumar, Super Market | 2017 1st Half-2022 2nd Half | 70428/- |
| 36 | 28/143/U-Ua1 | Somanath, Karnataka Shop | 2017 1st Half-2022 2nd Half | 77628/- |
| 37 | 28/156/UA5 | Sivasailan, Thenguvila | 2019 1st Half-2022 2nd Half | 339788/- |
| 38 | 28/156/UA6 | Leslin,Kenneth ,Baldwen, Coffee Temple | 2017 1st Half-2022 2nd Half | 32466/- |
| 39 | 28/166/UA3 | Nazeer Ahammed, Golden Goose The Jewel Show Room | 2017 1st Half-2022 2nd Half | 88626/- |
| 40 | 28/196/1-UA1 | Muhammed, Rock N Roll | 2017 1st Half-2022 2nd Half | 978408/- |
| 41 | 28/197/2-UA1 | Rajkumar, Clafauti Restaurant | 2017 1st Half-2022 2nd Half | 881580/- |
| 42 | 28/197/2-Ua4 | Prakash, Karnataka Shop | 2017 1st Half-2022 2nd Half | 33600/- |
| 43 | 28/197/2-UA5 | Tariq, Storry In Kashmir,Helipad | 2017 1st Half-2022 2nd Half | 43830/- |
| 44 | 28/199/UA1 | Aisha Beevi, Joshy Super Market | 2017 1st Half-2022 2nd Half | 55959/- |
| 45 | 28/199/Ua2 | Chokki, Tibettan Budha Arts | 2017 1st Half-2022 2nd Half | 35220/- |
| 46 | 28/199/Ua3 | Javed Ahemmed, Namsthe India | 2017 1st Half-2022 2nd Half | 78642/- |
| 47 | 28/199/UA4 | Nasim, Sunrise Musical Instrument | 2018 1st Half-2022 2nd Half | 82495/- |
| 48 | 28/214/UA10 | Chandra Mohan, Stitching Centre | 2017 1st Half-2022 2nd Half | 46332/- |
| 49 | 28/214/UA11 | Lakshman, Lakshman | 2017 1st Half-2022 2nd | 15444/- |

| | | | | |
|---|---|---|---|---|
| | | Karnataka Shop | Half | |
| 50 | 28/214/UA12 | Akbar Khan, Rajdhani Shop K&K International | 2017 1st Half-2022 2nd Half | 21144/- |
| 51 | 28/214/UA14 | Manzoor Ahammed, Mosses Handicrafts - Kashmiri Textile | 2017 1st Half-2022 2nd Half | 49566/- |
| 52 | 28/214/Ua16 | Jayasimhan, Osmari Karnataka Garments & Ready Mades | 2018 1st Half-2022 2nd Half | 77110/- |
| 53 | 28/214/UA6 | Thukkaram, Karnataka Shop | 2017 1st Half-2022 2nd Half | 48234/- |
| 54 | 28/214/UA9 | Ejas Ahemmed, Kashmiri Textiles | 2017 1st Half-2022 2nd Half | 52164/- |
| 55 | 28/230/Ua1 | Ganesh, Chower Karnatic Shop | 2017 1st Half-2022 2nd Half | 43038/- |
| 56 | 28/230/Ua4 | Makbool, Be Mine | 2017 1st Half-2022 2nd Half | 62604/- |
| 57 | 28/230/Ua5 | Babu, Leather Shop | 2017 1st Half-2022 2nd Half | 73578/- |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 55/20.01.2024) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ വസ്തുനികുതി കുടിശികയുള്ള നിയമാനുസൃതമല്ലാത്ത മുഴുവൻ കെട്ടിടങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശിക തുക ഈടാക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2022-23 വർഷം വരെയുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ഉൾപ്പെടെയുള്ള തുക അടവാക്കുന്നതിൽ കുടിശിക നിലനിൽക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻറെ മേൽവിലാസം | കുടിശികയുള്ള വർഷം | ലൈബ്രറി സെസ് അടക്കം ആകെ കുടിശിക (രൂപ) |
|---|---|---|---|---|
| 1 | 14/304/1 | SubDivisional Engineer, Telecom Civil | 2013 1st Half-2022 2nd Half | 112640/- |
| 2 | 26/194/4 | The Manager, W.T T I L,S L Plaza Complex, | 2013 1st Half-2022 2nd Half | 47152/- |
| 3 | 28/351/1 | M/S Bharathi, Airtel Ltd. | 2022 2nd Half | 1263/- |
| 4 | 28/802/ | Dishnet Wireless Ltd(Aircel), Arcade, Geethanjali Bus Stop | 2016 1st Half-2022 2nd Half | 152281/- |
| 5 | 31/99/1 | Divional Manager, B S N L | 2013 1st Half-2022 2nd Half | 34354/- |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 56/20.01.2024ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2022-23 വർഷത്തിൽ നഗരസഭാപരിധിയിലെ സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി നിശ്ചയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെൻറ്, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 ജീവനക്കാരുടെ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കിലും കുറവായി നിർണയിച്ചിരിക്കുന്നു

ചുവടെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2022-23 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവായി ഈടാക്കിയിരിക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | മാസവരുമാനം (സ്റ്റേറ്റ്മെൻറ് പ്രകാരം) | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക |
|---|---|---|---|---|---|
| ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ കോളേജ് ഓഫ് നഴ്സിംഗ് | ആശ ജോൺ | 22990/- | 137940/- | 1250/- | 300/- |
| | പൃഥ എസ് | 20550/- | 123300/- | 1000/- | 750/- |
| | ബാലു എസ് | 17230/- | 103380/- | 1000/- | 750/- |
| | രേഷ്മ എം എസ് | 22990/- | 137940/- | 1250/- | 450/- |
| | നീതു എം | 23890/- | 143340/- | 1250/- | 1000/- |
| | അഞ്ജലിമോൾ | 22990/- | 137940/- | 1250/- | 1000/- |
| | ശാരുകൃഷ്ണ.എ | 22990/- | 137940/- | 1250/- | 450/- |
| | അരുൺ. ജെ | 12000/- | 72000/- | 600/- | 180/- |
| | ആതിര ആർ എസ് | 22990/- | 137940/- | 1250/- | 1000/- |

അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നമ്പർ 25/16.01.2024) നൽകിയതിനെ തുടർന്ന് സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-12-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ വിവിധ കാലയളവിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | SubTreasury Varkala | 1 |
| 2 | SBI Life | 1 |
| 3 | Union Bank Of India | 1 |
| 4 | Hillview Ayurvedic Beach Resort | 1 |
| 5 | Fast Track Special Court | 1 |
| 6 | Aditya Ayurvedic Spa | 1 |
| 7 | NULM Kudumbasree | 1 |
| 8 | Asst Engineering Office | 1 |
| 9 | Aparajitha | 1 |

| | | |
|---|---|---|
| 10 | Adhishesha Ayurveda | 1 |
| 11 | Cliff Garden | 1 |
| 12 | LSGD Wing Varkala | 1 |
| 13 | BSNL | 2 |
| 14 | Taluk Office Varkala | 2 |
| 15 | Govt Model HS Varkala | 2 |
| 16 | Judicial 1 Class Magistrate Court | 2 |
| 17 | Prathibha Textiles | 2 |
| 18 | Krishibhavan Varkala | 2 |
| 19 | Supplyco Supermarket | 2 |
| 20 | Natural Supermarket | 2 |
| 21 | Jaya Agencies | 2 |
| 22 | Mar Thoma English Medium School | 2 |
| 23 | Ayurveda Hospital Varkala | 2 |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം(നമ്പർ 25/16.01.2024) നൽകിയതിനെ തുടർന്ന് മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12-3 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം | സ്ഥാപനതൊഴിൽ നികുതി |
|---|---|---|---|
| 1 | SBI Varkala | 2 | 1250 |
| 2 | HDFC Bank Ltd | 1 | 1250 |
| 3 | Shamsudheen Brothers HPL Dealer | 1 | 1250 |
| | | 2 | 1250 |
| 4 | Supplyco Super Market | 2 | 1250 |
| | | 2 | 1250 |
| 5 | Axis Bank Ltd | 1 | 1250 |
| | | 2 | 1250 |
| 6 | Mariyam Fuels | 1 | 1250 |
| | | 2 | 1250 |
| 7 | ICICI Bank | 1 | 1250 |
| | | 2 | 1250 |
| 8 | Varkala Service Co-Operative Bank | 1 | 1250 |
| 9 | Muthoot Fincorp | 1 | 1250 |
| | | 2 | 1250 |
| 10 | Muthoot Fincorp Varkala I | 1 | 1250 |
| 11 | Muthoot Fincorp Ltd | 1 | 1250 |

| | | | |
|---|---|---|---|
| | Puthenchantha | | |
| | | 2 | 1250 |
| 12 | Muthoot Fincorp Ltd. Nadayara | 1 | 1250 |
| | | 2 | 1250 |
| 13 | Muthoot Fincorp Ltd Punnamoodu | 1 | 1250 |
| | | 2 | 1250 |
| 14 | BSNL | 1 | 1250 |
| | | 2 | 1250 |
| 15 | Muthoot Fincorp Ltd | 1 | 1250 |
| | | 2 | 1250 |
| 16 | Muthoot Mini Financiers Ltd | 1 | 1250 |
| | | 2 | 1250 |
| 17 | Kairali Ayurveda Madam | 1 | 1250 |
| | | 2 | 1250 |
| 18 | Union Bank Of India | 1 | 1250 |
| | | 2 | 1250 |
| 19 | Kerala Bank Varkala Main | 1 | 1250 |
| | | 2 | 1250 |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് സ്ഥാപനതൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 25/16.01.2024) മറുപടി ലഭ്യമാക്കി. നികുതി ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-12-4 ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ വിവിധ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണമായി നഗരസഭയിലെ 1 മുതൽ 5 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ പറയുന്ന കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| വാർഡ് | കടയുടെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കണ്ണൻ, തിരുവമ്പാടി റിസോർട്ട് | 2 |
| | സുജി, ലേ മംഗല | 1&2 |
| | രമണി, പ്രൊവിഷൻ സ്റ്റോർ | 1&2 |
| | ജ്വാല, ശാരദ ഫുഡ് പ്രോഡക്റ്റ് | 1 |
| | ഷാജി, ഹോളോബ്രിക്സ് | 1&2 |
| | സീമ അജിത്കുമാർ, വെസ്റ്റ് ഓഷ്യാനിക്റിസോർട്ട് | 1 |
| | അലമുരവ്യ, ഹോലാലോ ഹോളിഡെയ്സ് | 1 |
| 2 | അഫ്സൽ അൻസാരി, ഒളിമ്പിക്സ് സ്പോർട്സ് | 1&2 |
| | സുനിൽ കുമാർ, വിഘ്നേശ്വര സ്റ്റോർ | 2 |
| | മിർസാദ്, ഹൈ പവർ ഏജൻസീസ് | 1 |
| 3 | ബീന എൻ, എസ് എസ് സ്റ്റോർ | 1&2 |
| | അഖിൽ വി, ത്രിവേണി ഓട്ടോമൊബൈൽസ് | 1&2 |
| | ഷിബു കെ പി,വെജിറ്റബിൾ ഷോപ്പ് | 2 |
| | ദിനകരൻ, ഗോപുരം ഫുട് വെയർ | 2 |

| | | |
|---|---|---|
| 4 | സജിത്ത് റോയ്, കൈരളി ഫ്ലവർമിൽ | 1&2 |
| | രേണുക, പ്രൊവിഷൻ സ്റ്റോർ | 1&2 |
| | രാഗിണി പ്രൊവിഷൻ സ്റ്റോർ | 2 |
| 5 | വത്സ അശോകൻ, ബ്ലെസി ഫിനാൻസ് | 1&2 |
| | എം രാജേന്ദ്രപ്രസാദ്, റേഷൻ കട | 1&2 |
| | ആതിര, നിയ കമ്മ്യൂണിക്കേഷൻ | 2 |
| | ഷാൻ ബഷീർ, അമീസ് ജ്യൂസ് ബാർ | 1&2 |
| | മനേക്ഷ ബി, എസ് ബി ഏജൻസീസ് | 1&2 |
| | അബ്ദുൽ അസീസ്, ഇറച്ചിക്കട | 1&2 |
| | ഷാന ബാനത്ത്, ടെയിലറിംഗ് ഷോപ്പ് | 1&2 |
| | പ്രസന്നകുമാർ, മുതല പോളിക്ലിനിക് | 1&2 |
| | നജീബ്, ഫാർമേർസ് വില്ലേജ് റെസ്റ്ററന്റ് | 1&2 |
| | റഹീം, റംസി ഇലക്ട്രിക്കൽസ് | 1&2 |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 25/16.01.2024) മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12-5 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അഭിഭാഷകർ തൊഴിൽ നികുതി ഒടുക്കണമെന്ന് കാണിച്ച് ബാർ അസോസിയേഷൻ ചെയർമാന് 11.05.2022 ന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 26/16.01.2024) മറുപടിയായി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12-6 ഗുഡ്സ് കാരിയേജ് വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടാർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇപ്രകാരം പെർമിറ്റ് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാൻ മോട്ടോർ വാഹനവകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 26/16.01.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12-7 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ 9- 764/2019 നമ്പർ കത്തിൽ റേഷൻ കടകളെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കണമെന്ന് കാണിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 26/16.01.2024) മറുപടിയായി അറിയിച്ചിട്ടുണ്ട്. നികുതി ഒടുക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലേലം- അപാകങ്ങൾ

നഗരസഭയിലെ വിവിധ ഇനങ്ങളുടെ ലേലം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/11.01.2024) മറുപടി ലഭ്യമാക്കിയില്ല.

1) 02.04.2022ൽ നടന്ന 2022-23 ലെ സ്ലാട്ടർ ഹൗസ് ലേലാവകാശം 323500/-രൂപക്ക് ലഭിച്ച ഷാനവാസ് എന്ന വ്യക്തി ലേല കുടിശിക വരുത്തിയതിനെ തുടർന്ന് 06.11.2023 ന് ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബാക്കി അടവാക്കാനവശേഷിക്കുന്ന ലേലത്തുക- 71890/- രൂപ

ജി എസ് ടി, ഇന്ററസ്റ്റ്, പിഴ എന്നിവ അടക്കമുള്ള തുക- 114568/- രൂപ

തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2) മുൻവർഷം ലേലം ചെയ്യുകയും തൻവർഷത്തെ ലേല നോട്ടീസിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾ 2022-23 വർഷത്തിൽ ലേലം /പുനർലേലം ചെയ്തതിന്റെ വിശദാംശം, ലേല ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

I.മുനിസിപ്പൽ ബസ് സ്റ്റാന്റ്, ഓഫീസ് എന്നിവിടങ്ങളിലെ ഫലവൃക്ഷാദായം

Ii.കേരള മുനിസിപ്പാലിറ്റിസ് ആക്ട് ചട്ടം(4) പ്രകാരം നഗരസഭാപരിധിയിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഫീസ് പിരിവ്

Iii.ഹെലിപ്പാഡ് ടോയിലറ്റ്

Iv.മൈതാനം കംഫർട്ട് സ്റ്റേഷൻ (പോലീസ് സ്റ്റേഷന് കിഴക്ക് വശം)

3) 2021-22 ൽ ലേല നടപടികൾ കൈകൊണ്ടിട്ടുള്ള ഹെലിപ്പാഡ് പാർക്കിംഗ് ഫീസ് പിരിവിനായി തൻവർഷം ലേലം നടത്തേണ്ടതില്ലെന്നും ഹെലിപ്പാഡ് പാർക്കിംഗ് സ്ഥലത്തെ ഉടമസ്ഥത സംബന്ധിച്ച് തർക്കം ഉന്നയിച്ച സാഹചര്യത്തിൽ ആയത് സംബന്ധിച്ച വ്യക്തത വരുന്ന മുറക്ക് പുനർലേലം ചെയ്യുന്നതാണെന്നും 16.03.2022 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

4) വർക്കല നഗരസഭ ഹെലിപ്പാഡ് 16/12/2021 ൽ ശ്രീ അജേഷ് എന്ന വ്യക്തി 1709900/-രൂപക്ക് ലേലത്തിലെടുത്തെങ്കിലും ടിയാൻ തുക ഒടുക്കുന്നതിൽ നിന്നും പിൻമാറുകയാണ് ഉണ്ടായത്. സാങ്കേതിക കാരണങ്ങളാൽ പുനർലേലം നടക്കാത്ത സാഹചര്യത്തിൽ ടിയാൻ ഒടുക്കിയ ഇ.എം.ഡി. തുക തിരികെ നൽകുന്നതിന് 25.05.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചതായി കാണുന്നു. ഇ.എം.ഡി. തുക എത്രയാണെന്നും ടി തുക തിരികെ നൽകിയത് സംബന്ധിച്ച വിശദാംശവും മിനിട്സിൽ നിന്ന് വ്യക്തമല്ല. വർക്കല നഗരസഭ 2022-23 വർഷത്തിൽ അംഗീകരിച്ച ലേല വ്യവസ്ഥ ഖണ്ഡിക 10 പ്രകാരം ലേലക്കാരൻ സ്വയം പിന്മാറുകയാണെങ്കിൽ നിരതദ്രവ്യമായി കെട്ടിവെയ്ക്കുന്ന തുക കൌൺസിൽ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ പുനർലേലം നടത്തുന്നതിനുള്ള നഷ്ടം ലേലക്കാരനിൽ നിന്ന് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വിഷയത്തിൽ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിലും ലേല വ്യവസ്ഥ പാലിക്കാതെ ഇ എം ഡി തുക തിരികെ നൽകാൻ ഭരണസമിതി തീരുമാനമെടുത്ത സാഹചര്യം ഓഡിറ്റിന് വ്യക്തമാക്കിയില്ല. ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5) 2021-22 സാമ്പത്തികവർഷത്തിൽ ലേലകുടിശ്ശിക വരുത്തിയ ഇനങ്ങളായ മൈതാനം കംഫർട്ട് സ്റ്റേഷൻ, പുന്നമൂട്, മാർക്കറ്റ്ഫീസ് പിരിവ്, ബസ് സ്റ്റാന്റ് ഫീസ് പിരിവ്, സ്ലാട്ടർ ഹൌസ്, മൈതാനം പാർക്കിംഗ്, പരസ്യഫീസ് പിരിവ് എന്നിവ ലേലം കൊണ്ടവർക്ക് സർക്കാർ ഉത്തരവിന്റെയും കൌൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലുള്ള ലോക്ക്ഡൗൺ ഇളവിന് ശേഷമുള്ള തുക ഒടുക്കുന്നതിന് 15 ദിവസം, 7 ദിവസം, 3 ദിവസം, 24 മണിക്കൂർ കാലാവധികൾ നൽകി നോട്ടീസ് നൽകിയിട്ടും ടിയാളുകൾ തുക ഒടുക്കുകയോ നോട്ടീസിന് മറുപടി നൽകുകയോ ചെയ്യാത്തതിനെ തുടർന്ന് റവന്യൂറിക്കവറി നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി 28.10.2022 ൽ തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

6) 2022-23 സാമ്പത്തിക വർഷത്തിൽ ലേലത്തിൽ പങ്കെടുത്ത് സോൾവെൻസി, എഗ്രിമെന്റ് എന്നിവ ഹാജരാക്കാത്ത അബ്ദുൾ ജലാൽ (മൈതാനം കംഫർട്ട് സ്റ്റേഷൻ, ഷാനവാസ് (മുനിസിപ്പൽ ബസ് സ്റ്റാന്റ്, ഷാനവാസ് (സ്ലാട്ടർ ഹൗസ്) എന്നിവർക്ക് നിരവധി തവണ അറിയിപ്പ് നൽകിയതായി കാണുന്നു. തുടർവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്ലാട്ടർ ഹൗസ് ലേലം കൊണ്ട വ്യക്തി ലേലകുടിശ്ശിക വരുത്തിയിട്ടുണ്ട്. ലേല നിബന്ധന പ്രകാരം ലേലം അംഗീകരിക്കുന്നതിനു മുൻപായി ഇരട്ടിതുകയുടെ സോൾവൻസി ലഭ്യമാക്കേണ്ടതാണ്. സോൾവൻസി ലഭ്യമാക്കാതെ മേൽപറഞ്ഞ ഇനങ്ങളുടെ ലേലം അംഗീകരിച്ച നഗരസഭയുടെ നടപടി നിയമാനുസൃതമല്ല. ഇത്തരം നടപടികൾ നിരുത്സാഹപ്പെടുത്തേണ്ടതും നിയമാനുസൃത രേഖകൾ ലഭ്യമാക്കിയ ശേഷം മാത്രം ലേലം ഉറപ്പിച്ചു നല്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

7) 2022-23 സാമ്പത്തിക വർഷത്തിൽ 3 തവണ മൈതാനം പാർക്കിംഗ് സ്ഥലം ലേലം നടത്തിയിട്ടും ആരും ലേലം കൊണ്ടിട്ടില്ലാത്തതിനാൽ കൈരളി ജ്വല്ലറി ഉടമ ശ്രീ നാദിഷാ സമർപ്പിച്ച 50000/- രൂപയുടെ ഓഫർ അംഗീകരിച്ച് ടി ഭൂമി പൊതുപാർക്കിങ്ങിനായി നൽകുന്നതിന് 11.08.2022ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ വരവ് ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ടി വ്യക്തിയുമായി ഒപ്പുവെച്ച കരാർ, തുക അടവാക്കിയത് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

8) പൌൾട്ടി വേസ്റ്റ് ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തത് സംബന്ധിച്ച് 25.05.2022 ലെ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലത്തുക എത്രയാണെന്നോ ആർക്കാണ് ലേലം ചെയ്തതെന്നോ മിനിട്സിൽ വ്യക്തമല്ല. ലേലത്തിന്റെ വിശദാംശം, ലേല നോട്ടീസ്, ലേല ഡയറി എന്നിവ ലഭ്യമാക്കിയില്ല.

മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 പാഴ്‌വസ്തുക്കളുടെയും തടികളുടെയും ലേലം- രേഖകൾ ലഭ്യമാക്കിയില്ല

നഗരസഭയിലെ 2022-23 വർഷത്തെ പാഴ്‌വസ്തുക്കളുടെയും തടികളുടെയും ലേലം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ചുവടെ പറയുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണ നമ്പർ 9/11.01.2024) .

1) നഗരസഭയിൽ നിലാവ് പദ്ധതി നടപ്പിലാക്കിയതിൻറെ ഭാഗമായി ഉപയോഗശൂന്യമായിട്ടുള്ള ഇലക്ട്രിക് സാധനസാമഗ്രികൾ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് നൽകുന്നതിന് 25.03.2022ലെ ഭരണസമിതി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപയോഗ ശൂന്യമായ ഇലക്ട്രിക് സാധനങ്ങളുടെ ലേലത്തിൽ കൂടിയ തുകകയ്ക്ക് ലേലം വിളിച്ച ശ്രീ. അനിൽകുമാർ എന്ന വ്യക്തി തുക അടക്കുവാൻ കൂട്ടാക്കാത്തതിനാൽ രണ്ടാമത് കൂടിയ തുക ലേലം വിളിച്ച ശ്രീ. ചന്ദ്രന് തുക ഒടുക്കുന്നതിന് ബഹു ചെയർമാൻ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും ഒന്നാം സ്ഥാനക്കാരനായ ശ്രീ. അനിൽകുമാർ, എവർഗ്രീൻ കേരളാ ഏജൻസിയുടെ ഇ എം ഡി തുക കണ്ട് കെട്ടുന്നതിനും 09.05.2022 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുമുണ്ട്. ലേലം സംബന്ധിച്ച വിശദാംശം, ലേല ഡയറി, ലേല നോട്ടീസ് എന്നിവ ലഭ്യമാക്കിയില്ല.

2) 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 274/22 നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപണി എന്ന പ്രവൃത്തിയുടെ ഭാഗമായി സീലിംഗ് പൊളിച്ചപ്പോൾ ലഭ്യമായ തടികളുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 0.4095M3 തടികൾക്ക് ആകെ 25447/- രൂപയാണ് വാല്യൂവേഷൻ കണക്കാക്കിയത്. തടികൾ ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

3) ചിലക്കൂർ എൽപിഎസിലെ മേൽക്കൂര മാറ്റുന്നതിലേക്കായി പൊളിച്ചുമാറ്റിയ ഓട്, മേൽക്കൂരയുടെ അംശങ്ങൾ എന്നിവ 4200/- രൂപക്ക് ശ്രീ.ദീപക് എന്ന വ്യക്തിക്ക് ലേലം ചെയ്യുന്നതായി 09.05.2022 ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേലം സംബന്ധിച്ച വിവരങ്ങൾ, ലേല ഡയറി എന്നിവ ലഭ്യമാക്കിയില്ല.

4) കല്ലാഴി സ്കൂളിൽ മേൽക്കൂര പൊളിച്ചുമാറ്റിയ തടികൾ 3330/- രൂപയ്ക്ക് മുഖവില നിശ്ചയിച്ച് നൽകിയ പ്രകാരം ഉയർന്ന തുകയായ 3500/- രൂപ ക്വാട്ട് ചെയ്ത ശ്രീ.ഷാജഹാന് ലേലം ചെയ്തതും സംബന്ധിച്ച് 06.10.2022 ലെ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേലത്തിന്റെ വിശദാംശം, ലേല നോട്ടീസ്, ലേല ഡയറി എന്നിവ ലഭ്യമാക്കിയില്ല.

5) ജി.എൽ.പി.ജി.എസ് സ്കൂളിൽ നിന്നിരുന്ന വാകമരം, ആഞ്ഞിലിമരം എന്നിവ മുറിച്ച് മാറ്റിയതിന്റെ ലേലം 26/10/2022 തീയതിയിൽ കൂടുതൽ തുകയായ 9900/- രൂപ ലേലം വിളിച്ച ശ്രീ.അജ്മലാലിന്റെ പേരിൽ അംഗീകരിച്ചിട്ടുണ്ട്. ലേലത്തിന്റെ വിശദാംശം, ലേല നോട്ടീസ്, ലേല ഡയറി എന്നിവ ലഭ്യമാക്കിയില്ല.

മേൽ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലേലം ഉറപ്പിച്ച നൽകിയ വ്യക്തി ലേലത്തുക ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-15 ബങ്കുകളുടെയും കടമുറികളുടെയും വാടക- കുടിശിക ഈടാക്കേണ്ടതാണ്

1) നഗരസഭാപരിധിയിലെ ബങ്കുകളിൽ നിന്നുള്ള വരവ് സംബന്ധിച്ച് വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ബങ്കുകളിൽ നിന്നും 2022-23 വർഷത്തിൽ വാടക ഈടാക്കുന്നതിൽ കുടിശിക നിലനിൽക്കുന്നതായി കാണുന്നു.

| ബങ്ക് നമ്പർ | മാസ വാടക (രൂപ) | അടവാക്കിയത് (രൂപ) | കുടിശിക (രൂപ) |
|---|---|---|---|
| 4 | 1129/- | 7903/- | 5645/- |
| 9 | 608/- | 0 | 7284/- |
| 12 | 97/- | 0 | 1164/- |
| 17 | 353/- | 1059/- | 3177/- |
| 23 | 250/- | 250/- | 2750/- |
| 24 | 877/- | 3508/- | 7016/- |
| 29 | 247/- | 2223/- | 741/- |
| 52 | 828/- | 3312/- | 6624/- |

രജിസ്റ്റർ പ്രകാരം ബങ്കുകളുടെ വാടകയിനത്തിൽ ആകെ 34401/- രൂപ കുടിശിക നിലനിൽക്കുന്നു. മേൽ പറഞ്ഞ ബങ്കുകളിൽ നിന്ന് കുടിശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/11.01.2024) മറുപടി ലഭ്യമാക്കി. വാടക കുടിശിക ഈടാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

2)ബങ്ക് നമ്പർ 14, 19, 22, 30, 34, 36, 40, 41 എന്നിവയ്ക്ക് 2022-23 വർഷം വാടക കണക്കാക്കിയിട്ടില്ല. വിവിധ സ്ഥലങ്ങളിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന ഈ ബങ്കുകൾ സ്വയമേവ അറ്റകുറ്റപ്പണികൾ ചെയ്യണമെന്ന

നിബന്ധനയിൽ പുനർലേലം ചെയ്ത് നഗരസഭാ ബസ് സ്റ്റാൻഡിനുള്ളിൽ സ്ഥാപിച്ചതാണെന്നും എന്നാൽ നാളിതുവരെ അറ്റകുറ്റപ്പണികൾ ചെയ്യുകയോ തുറന്നുപ്രവർത്തിക്കുകയോ ചെയ്യാത്തതിനാലാണ് വാടക നിർണയിക്കാൻ സാധിക്കാത്തത് എന്നും ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 10/11.01.2024) മറുപടിയായി വിശദീകരിച്ചിട്ടുണ്ട്. എത്രയും വേഗം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ബങ്കുകൾ പ്രവർത്തനനിരതമാക്കുകയും വാടക കണക്കാക്കി നഗരസഭാ വരുമാനത്തിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

3) വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ചുവടെ പറയുന്ന സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കുന്നതിൽ കുടിശികയുള്ളതായി കാണുന്നു.

| സ്റ്റാൾ നമ്പർ | മാസ വാടക (രൂപ) | അടവാക്കിയത് (രൂപ) | കുടിശിക (രൂപ) |
|---|---|---|---|
| M11 | 923/- | 1846/- | 9230/- |
| M20 | 923/- | 4615/- | 6461/- |

ആകെ കുടിശിക തുക 15691/- രൂപ.

വാടക കുടിശിക ഈടാക്കി രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

നഗരസഭയിൽ അപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 58/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഒറ്റതവണ കെട്ടിടനികുതി അടച്ചതിന്റെ രസീതില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു.

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോടു കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

എന്നാൽ, നഗരസഭയിലെ 2022-23 വർഷത്തെ ചില നമ്പറിംഗ് ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ | **വാർഡ് നമ്പർ/ കെട്ടിട നമ്പർ** | **ഉടമയുടെ പേര്** | **നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം** | **ഉപയോഗക്രമം** | **പ്ലിന്ത് ഏര്യ (ച മീ)** |
|---|---|---|---|---|---|---|
| 1 | BA-97/21-22 | 20/359(4) | സജന, കമറുദ്ദീൻ | 01.04.2022 | പാർപ്പിടാവശ്യം | 64.32 |
| 2 | 209/20-21 | 15/196(2) | സ്വർഗ്ഗലത, നിധിൻ.എസ്.ബി, നവീൻ.എസ്.ബി | 01.10.2022 | പാർപ്പിടാവശ്യം | 67.52 |
| 3 | BANo-191/22-23 | 32/465(3) | ദീപക്.ആർ.ഐ | 01.10.2022 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 49.36 |
| 4 | BA NO: 327/16-17 | 32/60(5) | ബൈജു.വി.റ്റി, റീന ബൈജു | 19.04.2022 | പാർപ്പിടാവശ്യം | 253.64 |

| | | | | | | |
|---|---|---|---|---|---|---|
| 5 | BA NO: 342/20-21 | 20/285(4) | സുലേഖ | 21.04.2022 | പാർപ്പിടാവശ്യം | 57.60 |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 57/20.01.2024) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നമ്പർ അനുവദിക്കുമ്പോൾ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു.

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. 2022-23 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സഞ്ചയ വസ്തു നികുതി സോഫ്റ്റ്‌വെയർ, സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ, വിവിധ റിസോർട്ടുകൾക്ക് 2022-23 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ല ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഉദാഹരണമായി താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 2022-23 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ല.

| Sl.No. | Building ID | Door No. | Owner Name | Owner Address |
|---|---|---|---|---|
| 1 | 30172010003299 | 28/101 | Jyothi Lakshmi | ലഭ്യമല്ല |
| | 30172010003303 | 28/102 | | |
| | 30172010003306 | 28/103 | | |
| | 30172010003312 | 28/104 | | |
| 2 | 30172010009300 | 28/470/ | Manjulal | Kshetra,Kshetra Street |
| | 30172010009302 | 28/471/ | | |
| 3 | 30172010018568 | 28/590/1 | M.Salim | Zenith Kottage |
| 4 | 30172010018568 | 28/587 | S.Sivasailan | Thenguvilaveedu |
| 5 | 30172010018573 | 28/778/1 | Sasi Kumar,Santha Sasikumar | Sanjoys |
| 6 | 30172010005331 | 28/643 | K.G.VijayaKumar | Kuzhithadam |

ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നത് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് കാണുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് തുക കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ.

വർക്കല മുനിസിപ്പാലിറ്റിയിലെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-19-1 ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കല മുനിസിപ്പാലിറ്റി പരിധിയിൽ നിലവിലുള്ളതും പുതുതായി ആരംഭിച്ചതുമായ വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/11.01.24) മറുപടി നൽകുകയോ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം വാർഡ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. ലൈസൻസ് എടുക്കാതെ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം പ്രസ്തുത രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ മുനിസിപ്പാലിറ്റി പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും

മുനിസിപ്പാലിറ്റി പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19-2 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് പുതുക്കിയിട്ടില്ല

01-08-2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മുൻസിപ്പാലിറ്റി പരിധിയിൽ 2022-23വർഷം ലൈസൻസ് എടുത്ത ജിംനേഷ്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 17) മറുപടിയിൽ ജിംനേഷ്യം നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷം ലൈസൻസ് ഒന്നും നല്കിയിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. നഗരസഭ പരിധിയിൽ മേൽ ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ ജിംനേഷ്യങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19-3 ലൈസൻസ് നൽകൽ- മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ, കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ 2022-23 വർഷത്തിൽ IFTE&OS ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഇടാക്കുകയോ അപേക്ഷകളിൽ യന്ത്രത്തിന്റെ കുതിരശക്തി രേഖപെടുത്തുകയോ ചെയ്തിട്ടില്ല.

| അപ്ലിക്കേഷൻ ഐഡി | അപേക്ഷകന്റെ പേര് | സംരംഭം | വാർഡ്/ ഡോർ നം |
|---|---|---|---|
| 2130172000000468 | യോഹന്നാൻ കെ | അശ്വതി ഫ്ലവർ ആന്റ് ഓയിൽ മിൽ,വർക്കല | 30/216 |
| 2130172000000602 | ഉണ്ണികൃഷ്ണൻ | ഗോപാലകൃഷ്ണ ഓയിൽ മിൽ | 30/102 |
| 2130172000000603 | പ്രദീപ് കുമാർ | സ്വാതി ഫ്ലവർ മിൽ | 16/262 |
| 2130172000000641 | വിഷ്ണു മോഹൻ | വിഷ്ണു ഫ്ലവർ മിൽ | 17/481 |
| 2130172000000643 | സീന ഹരിബാൾട് | V.K ഫ്ലവർ മിൽ | 20/246 |
| 2130172000000644 | അൻസാർ | ഫഹദ് ഫ്ലവർ മിൽ | 9/222 |
| 2130172000000684 | ഉണ്ണികൃഷ്ണൻ ആർ | ശ്രീലക്ഷ്മി,എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 33/150 |
| 2130172000001355 | ബിജു എസ് | നേഹ എഞ്ചിനീയറിംഗ് വർക്സ് | 3/150/1 |
| 2230172000000073 | രാമരാജൻ | കൈലാസ് ഫ്ലവർ മിൽ | 17/99 |
| 2130172000000864 | മുരുകൻ സാൻ-സി | സാൻ-സിഎഞ്ചിനീയറിംഗ് | 22/237 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 19/16.01.2023) ലഭിച്ച മറുപടി പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കുന്നതെന്നും യന്ത്ര സാമഗ്രികൾക്ക് പ്രത്യേകം ഫീസ് നിശ്ചയിച്ചിട്ടില്ലാത്തതുമാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകം ഫീസ് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മേൽ സ്ഥാപങ്ങളിൽ നിന്നും ചട്ടപ്രകാരം യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീയോടൊപ്പം മെഷീൻ ഫീസ് കൂടി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19-4 നായകളെ വളർത്തുന്നതിന് ലൈസൻസ് അനുവദിച്ചതിലെ അപാകം.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 1000 വളർത്തുനായകളുള്ളതിൽ 900 നായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ, നായകളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം 383നായകൾക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 32/17.01.24) മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റി പരിധിയിലെ മുഴുവൻ വളർത്ത് നായകൾക്കും 08.08.2021 ലെ ആർ.സി3/241/2021/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം, രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രഷൻ ഫീസും നഗരസഭയിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ, മുൻവർഷങ്ങളിൽ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| നമ്പർ | പേരും വിലാസവും | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | പ്രീതി നിഷാദ്, തുഷാര , തച്ചോട് | SIP അബാക്കസ് |
| 2 | സന്തോഷ് കുമാർ എസ്, സഹസതു, കൊച്ചുവേളി | RISE |
| 3 | ഷൈൻ കുമാർ, ഗംഗാലയം , പാലസ്റോഡ് | B.S.S,IT COLLEGE |
| 4 | സി.പ്രഭുലാൽ,സൗഭാഗ്യ ,വർക്കല | PLANET COMPUTER EDUCATION |
| 5 | ലക്ഷ്മി.ജെ.ജി ,രേവതി, മുണ്ടയിൽ, വർക്കല | G-TEC COMPUTER EDUCATION |
| 6 | മണിലാൽ എസ്, രേവതി, മുണ്ടയിൽ , വർക്കല | MICRON COMPUTERS |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/16.01.2024) പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നത് നിർദേശിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ അടിയന്തിരമായി സ്വീകരിച്ച ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും മുൻസിപ്പാലിറ്റി പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ മറ്റു ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ് .

## 1-21 സഞ്ചയ പ്രകാരം ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളിൽ രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ 2022-23 വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | വിലാസം |
|---|---|---|---|
| 1 | 7/67 7/68 | Dr. Venugopal | Madhavavilasam |
| 2 | 14/405,14/406,14/407,14/409,14/410 | C.R SUBHADRA | Varkala Nursing Home |

| | | | |
|---|---|---|---|
| 3 | 14/139 | Dr. V. Nadarajan | Not Available |
| 4 | 18/519/1<br>18/520 | Athul Bala Madhav | TC25/420 ,14 Santhi Nagar |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/16.01.2024) മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ 1997ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും ആയത് തടയുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 IBPMS Daily Collection Statement ലഭ്യമാക്കിയില്ല.

IBPMS മുഖേനയുള്ള പെർമിറ്റ് ഫീസ് വരവ് എസ്.ബി.ഐ വർക്കല ബ്രാഞ്ചിലുള്ള 966 നമ്പരിൽ അവസാനിക്കുന്ന കറണ്ട് അക്കൗണ്ടിലേയ്ക്കാണ് വരുന്നത്. ആയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ ഈ വരവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 1/10.01.24) മറുപടിയിൽ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് നിലവിൽ IBPMSന്റെ സൈറ്റിൽ ലഭ്യമല്ല എന്നും ആയത് ലഭ്യമാക്കുന്നതിനായി IBPMS ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്നുമാണ് അറിയിച്ചിരിക്കുന്നത്. സാങ്കേതിക തടസങ്ങൾ മാറുന്ന മുറക്ക് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 1-23 മത്സ്യ തൊഴിലാളികൾക്ക് കട്ടമരം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO185/23 |
| പ്രോജക്ടിന്റെ പേര് | മത്സ്യ തൊഴിലാളികൾക്ക് ഫൈബർ റീ ഇൻഫോഴ്സ്ഡ് എഫ്.ആർ.പി. കട്ടമരം |
| അടങ്കൽ | വികസന ഫണ്ട് പൊ.വി.സാ.വി. -269250<br>ഗുണഭോക്തൃ വിഹിതം-89750 |
| ചെലവ് | വികസന ഫണ്ട് പൊ.വി.സാ.വി. -268870<br>ഗുണഭോക്തൃ വിഹിതം-89630 |
| ബിൽ നമ്പർ | 363/ 02/03/2023-188209<br>426/ 20/03/2023- 26887<br>510/ 28/03/2023- 53774 |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

സ്വന്തമായി മറ്റ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്ത മുഴുവൻ സമയവും മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യതൊഴിലാളികൾക്ക് യൂണിറ്റ് വിലയുടെ പരമാവധി 75 ശതമാനം സബ്സിഡി അനുവദിച്ച് ഫൈബർ റീ ഇൻഫോഴ്സ്ഡ് എഫ്.ആർ.പി. കട്ടമരം നൽകുന്നതാണ് പദ്ധതി. യൂണിറ്റ് കോസ്റ്റ് 35,850 രൂപാ നിരക്കിൽ ഡോൾഫിൻ ഫൈബർ ഗ്ലാസ് എന്ന സ്ഥാപനത്തിൽ നിന്നും 10 ഫൈബർ റീ ഇൻഫോഴ്സ്ഡ് കട്ടമരം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക്

വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1)ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.**

പദ്ധതി പ്രകാരം ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക്ഫൈബർ റീ ഇൻഫോഴ്സ്ഡ് കട്ടമരം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 50/20.01.2024) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | അബ്ദുൾ കബീർ.എം, ചിറയിൽ വീട് |
| 2 | മുജാഹിദ് അബ്ദുൾ സമദ്, കനാൽ പുറമ്പോക്ക് |
| 3 | സാദിഖ്, കോത്താരിവിള, ഗ്രാലിമുക്ക് |
| 4 | മുഹമ്മദലി, വയലിൽ വീട് |
| 5 | മുഹബിൽ ഖാൻ, ജമീലാ മൻസിൽ |
| 6 | അഷറഫ്.എം, പാളയം വീട് |

പട്ടികയിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2)ഗുണഭോക്തൃ വിഹിതം യഥാസമയം ഒടുക്കിയില്ല.**

2007 ലെ കേരളാ മുനിസിപ്പാലിറ്റി അക്കൗണ്ടിങ് റൂൾസിലെ റൂൾ 21 പ്രകാരം ഒരു ദിവസത്തെ കളക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി രസീത് നം 51/5020 Dtd 20.03.2023, 51/5021 Dtd 20.03.2023 എന്നിവ പ്രകാരം പിരിച്ച തുകയായ 17926 രൂപ 122010111209 നം രസീത് പ്രകാരം 24.03.2023 നാണ് മുനിസിപ്പാലിറ്റിയിൽ ഒടുക്കു വരുത്തിയത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 50/ 20.01.2024) മറുപടി ലഭ്യമാക്കിയില്ല.

യഥാസമയം തുക ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് മേശ കസേര - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0187/23 |
| പ്രോജക്ടിന്റെ പേര് | മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് മേശ കസേര |
| അടങ്കൽ | വികസന ഫണ്ട് പൊ.വി.സാ.വി. 264000 |
| ചെലവ് | 262339 |
| ബിൽ നമ്പർ | 512/28.03.2023 |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം 33 കുട്ടികൾക്ക് നടപ്പു സാമ്പത്തിക വർഷം 7950/- രൂപാ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 115/2022/Lsgd തീയതി 28.05.2022 ഖണ്ഡിക 7.3.2 പ്രകാരം സ്കൂൾ അധികൃതർ ലഭ്യമാക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ, അപ്രകാരം വിതരണം ചെയ്തതായി കാണുന്നില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. കൂടാതെ സബ്സിഡി മാർഗ രേഖ പ്രകാരം ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളു. എന്നാൽ പ്രോജക്ട് രേഖകളിൽ മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വകുപ്പിന്റെ സാക്ഷ്യപത്രം ഇല്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് എപ്രകാരം പരിശോധിച്ച് ഉറപ്പാക്കി എന്ന് വ്യക്തമല്ല.

2022-23 വർഷത്തെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല.

പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ.മുഹമ്മദ് അബ്ദുള്ള എസ് എന്ന ഗുണഭോക്താവിന്റെ മേൽവിലാസം ഗുണഭോക്തൃ ലിസ്റ്റിൽ സമീർ.ആർ, ഗ്രാലികുന്ന് വീട്, ചിലക്കൂർ എന്നും ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ പ്രകാരം സമീർ.എ, തയ്യിൽ മേലതിൽ, ചിലക്കൂർ എന്നുമാണ്. അർഹതപ്പെട്ട ഗുണഭോക്താവിനാണ് ആനുകൂല്യം ലഭിച്ചതെന്ന്

എപ്രകാരമാണ് പരിശോധിച്ച് ഉറപ്പാക്കിയതെന്നും വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.51/20.01.2024 മറുപടി ലഭ്യമാക്കിയില്ല.)

അപാകതകൾക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ- അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0065/23 |
| പ്രോജക്റ്റിന്റെ പേര് | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ |
| അടങ്കൽ | വികസന ഫണ്ട് പൊ.വി.സാ.വി. 300000 |
| ചെലവ് | 299984 |
| ബിൽ നമ്പർ | 172/13/12/2022 |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിങ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്( ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾ ഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ എയിഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും സർവകലാശാലകളിലോ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകുന്നതിനായി 300000/- രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ രേഖ പ്രകാരം ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ, പ്രോജക്റ്റ് രേഖകളിൽ മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വകുപ്പിന്റെ സാക്ഷ്യപത്രം ഇല്ല. ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് എപ്രകാരം പരിശോധിച്ച് ഉറപ്പാക്കി എന്ന് വ്യക്തമല്ല. കൂടാതെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ കരാർ വച്ചതായും കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 52 /20.01.2024) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO186/23 |
| പ്രോജക്റ്റിന്റെ പേര് | പഴയ കേടായ വല മാറ്റി പുതിയ വല നൽകൽ |
| അടങ്കൽ | വികസന ഫണ്ട് പൊ.വി.സാ.വി. 450000<br>ഗുണഭോക്തൃ വിഹിതം- 150000 |
| ചെലവ് | വികസന ഫണ്ട് പൊ.വി.സാ.വി. 450000<br>ഗുണഭോക്തൃ വിഹിതം- 150000 |
| ബിൽ നമ്പർ | 222/06/01/2023-90000<br>276/ 02/02/2023-90000<br>320/20/02/2023-270000 |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള (റിയൽ ക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമയുമായവർക്ക് പഴയ കേടായ വല മാറ്റി പുതിയ വല നൽകുന്നതിനായി 600000 രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം യൂണിറ്റ് വിലയുടെ 75%, പരമാവധി 45000 രൂപയാണ് സബ്സിഡി നിരക്ക്. 10 ഗുണഭോക്താക്കൾക്കാണ് നടപ്പു സാമ്പത്തിക വർഷം ആനുകൂല്യം ലഭ്യമാക്കിയത്. പദ്ധതിനിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ.സൈജു.എ എന്ന ഗുണഭോക്താവിന്റെ മേൽവിലാസം ഗുണഭോക്തൃ ലിസ്റ്റിൽ ആസിയ മൻസിൽ എന്നും ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ പ്രകാരം പണയിൽ വീട്, ചിലക്കൂർ എന്നുമാണ്. അർഹതപ്പെട്ട ഗുണഭോക്താവിനാണോ ആനുകൂല്യം ലഭിച്ചതെന്ന് വ്യക്തമല്ല.

2) ശ്രീ.സൈജു. എ, സലിം മടത്തുവിളാകം എന്നീ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖ ഇല്ല.

3) പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ഷാഹിദ്, വട്ടവിള വീട് |
| 2 | അബ്ദുൾ നാസർ, മടത്തുവിളാകം |
| 3 | സലീം, മടത്തുവിളാകം |
| 4 | രിഫായി, തൈക്കാവിൽ വീട് |
| 5 | നാസർ, വലിയവിളാകം |
| 6 | അലി കബീർ, ഹക്കീം മൻസിൽ |

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.53/20.01.2024) മറുപടി ലഭ്യമാക്കിയില്ല. മറുപടി/ ഉപോൽ ബലകമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നിർവഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0076/23 |
| പ്രോജക്ടിന്റെ പേര് | പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം-200000 |
| ചെലവ് | 200000 |
| ബിൽ നമ്പർ | 312/17.02.2023 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ ഗവ.ലോവർ പ്രൈമറി സ്കൂൾ |

പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങുന്നതിനായി 200000 രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിക്കായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിയായ Obra Classica Pvt Ltd ന്റെ 1,48,586.40(ടാക്സ് ഉൾപ്പെടെ) രൂപയുടെ ടെൻഡർ 30.11.2022 ലെ 4/1 നമ്പർ കൗൺസിൽ തീരുമാനം പ്രകാരം നഗരസഭ അംഗീകരിച്ചു. എന്നാൽ, 1,48,586.40 രൂപയ്ക്ക് ടെൻഡർ അംഗീകരിച്ച ശേഷം 200000 രൂപയുടെ കളി ഉപകരണങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങി. സാധനങ്ങളുടെ ഇനം തിരിച്ചുള്ള വില ക്വാട്ട് ചെയ്തതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 പ്രകാരം ആവശ്യകത കർശനമായും വിലയിരുത്തേണ്ടതാണ്. ടെണ്ടർ ക്ഷണിച്ചതിനു ശേഷം അളവ് ഗണ്യമായി മാറ്റുവാനും പാടില്ല. ആയതിനാൽ 1,48,586.40(ടാക്സ് ഉൾപ്പെടെ) രൂപയ്ക്ക് ടെൻഡർ അംഗീകരിച്ച ശേഷം 200000 രൂപയുടെ കളി ഉപകരണങ്ങൾ വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

കളി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. കൂടാതെ LPBS കുരക്കണ്ണിയിൽ കളി ഉപകരണങ്ങൾ കൈപ്പറ്റിയ രേഖയും പരിശോധനക്ക് ഹാജരാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (21/16.01.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മറുപടി/ഉപോൽബലകമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ- സ്റ്റോക്ക് / വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0077/23 | S0164/23 |
| പ്രോജക്ടിന്റെ പേര് | ഗവ.മോഡൽ എച്ച്.എസ്.എസ്. വർക്കല എസ്.പി.സി ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ | വിവിധ സ്കൂളുകളിൽ ബഞ്ച് ഡസ്ക് വാങ്ങൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്-100000 | മെയിന്റനൻസ് ഫണ്ട് റോഡിതരം - 800000 |

| | | |
|---|---|---|
| ചെലവ് | 49997 | 797160 |
| ബിൽ നമ്പർ | 216-05.01.2023 | 338- 25/02/2023 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ ഗവ.ലോവർ പ്രൈമറി സ്കൂൾ | ഹെഡ് മാസ്റ്റർ ഗവ.ലോവർ പ്രൈമറി സ്കൂൾ |

ഗവ.മോഡൽ എച്ച്.എസ്.എസ്. വർക്കല എസ്.പി.സി ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ, വിവിധ സ്കൂളുകളിൽ ബഞ്ച് ഡസ്ക് വാങ്ങൽ എന്നീ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗവ.മോഡൽ എച്ച്.എസ്.എസ്. വർക്കല എസ്.പി.സി ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം ഒരു Acer Laptop ഇൻവോയിസ് നം KMR/22-23/981 Dtd 25.10.2022 പ്രകാരം വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

2) വിവിധ സ്കൂളുകളിൽ ബഞ്ച് ഡസ്ക് വാങ്ങൽ എന്ന പദ്ധതി പ്രകാരം VVK Furniture എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 4380 രൂപാ നിരക്കിൽ ചുവടെ പറയുന്ന പ്രകാരം സാധനങ്ങൾ ( Deskwith Bench-With Water Proof Board Top 5*2.5*2.25)ലഭ്യമാക്കുകയും ചെയ്തു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | എണ്ണം | തുക |
|---|---|---|---|
| 1 | 10/15.02.2023 | 50 | 219000 |
| 2 | 11/15.02.2023 | 50 | 219000 |
| 3 | 12/17.02.2023 | 50 | 219000 |
| 4 | 13/17.02.2023 | 32 | 140160 |

സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖ എന്നിവ പരിശോധനക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 22/16.01.2024) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

## 1-29 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതി- ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

| പ്രോജക്ട് നമ്പർ | S0166/23 | S0323/23 | S0321/23 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ സ്കൂളുകളിൽ സ്റ്റേഷണറി സാധനം വാങ്ങൽ | സ്കൂളുകളിലേക്ക് പാത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങൽ | സ്കൂളുകളിലേക്ക് ക്ലീനിങ് സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം -30000 | വികസന ഫണ്ട് പൊ.വി.സാ.വി. - 1,50,000 | വികസന ഫണ്ട് പൊ.വി.സാ.വി.-25000 |

| | | | |
|---|---|---|---|
| ചെലവ് | 30000 | 96723 | 25000 |
| ബിൽ നമ്പർ | 448/ 21/03/2023 | 446/ 21/03/2023 | 449/21/03/2023 |

2022-23 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ വിവിധ സ്കൂളുകളിൽ സ്റ്റേഷണറി സാധനം വാങ്ങൽ, സ്കൂളുകളിലേക്ക് പാത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങൽ, സ്കൂളുകളിലേക്ക് ക്ലീനിങ് സാധനങ്ങൾ വാങ്ങൽ എന്നീ പദ്ധതികളിൽ ക്വട്ടേഷൻ / ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതായി പദ്ധതിയുടെ പരിശോധനയിൽ കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.6, 7.31 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിൽ 100000 വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

| ക്രമ നമ്പർ | ഇനം | അടങ്കൽ | ചെലവ് | ഇൻവോയിസ്.നം/ തുക |
|---|---|---|---|---|
| 1 | സ്റ്റേഷണറി സാധനം വാങ്ങൽ | 30000 | 30000 | DRSAB6831 Dtd 14.03.2023/ 30115/- |
| 2 | ക്ലീനിങ് സാധനങ്ങൾ വാങ്ങൽ | 25000 | 25000 | DRSAB6832 Dtd 14.03.2023/ 26,482/- |

2)സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.7 പ്രകാരം എസ്റ്റിമേറ്റ് തുക 100000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ സ്കൂളുകളിലേക്ക് പാത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങൽ (SO323/23) എന്ന പദ്ധതിയിൽ അടങ്കൽ തുക 1,50,000 രൂപയും ചെലവ് 96723 രൂപയും ആയിട്ടും ആവശ്യകതാ നിർണയം നടത്തി ടെണ്ടർ ക്ഷണിച്ചില്ല. വിവിധ സ്കൂളുകളിൽ നിന്ന് പാത്രങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങി വൗച്ചർ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | തുക |
|---|---|---|
| 1 | എച്ച്.എം ഗവ.എൽ.പി.ജി.എസ് വർക്കല | 12000 |
| 2 | എച്ച്.എം എം.വി.എൽ.പി.എസ് വർക്കല | 9390 |
| 3 | എച്ച്.എം എൽ.പി.ജി.എസ് കുരക്കണ്ണി | 8643 |
| 4 | എച്ച്.എം എൽ.പി.എസ് ചിലക്കൂർ | 5746 |
| 5 | എച്ച്.എം എൽ.പി.എസ് പണയിൽ | 9780 |
| 6 | എച്ച്.എം എം.എച്ച്.എസ് നടയറ | 11096 |

| | | |
|---|---|---|
| 7 | എച്ച്.എം ജി.എൽ.പി.ബി.എസ് കുരക്കണ്ണി | 18494 |
| 8 | എച്ച്.എം ഗവ.മോഡൽ എച്ച്.എസ് വർക്കല | 12674 |
| 9 | എച്ച്.എം എൽ.പി.എസ് കരുന്നിലക്കോട് | 8900 |
| | ആകെ | 96723 |

കൂടാതെ SO166/23, SO323/23, SO321/23 എന്നീ പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 31 /17.01.2024) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ വിശദീകരണം/ ഉപോൽബലകമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 സ്വയം തൊഴിൽ വ്യക്തിഗതം - സംരംഭം പ്രവർത്തിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | SO179/23 | SO184/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | സ്വയം തൊഴിൽ വ്യക്തിഗതം -ജനറൽ- | സ്വയം തൊഴിൽ വനിതാ വ്യക്തിഗതം എല്ലാ വിഭാഗങ്ങൾക്കും - |
| അടങ്കൽ | പൊതു.സാ.വി.-120000(വികസനഫണ്ട്)<br>മറ്റുള്ളവ -1,20,000 | പൊതു.സാ.വി.-540000(വികസനഫണ്ട്)<br>മറ്റുള്ളവ -1,80,000 |
| ചെലവ് | 50000 | 270000 |
| ബിൽ നമ്പർ | 458/22.03.2023 | 429/20.03.2023- 90000<br>460/22.03.2023- 90000<br>513/28.03.2023- 90000 |
| നിർവ്വഹണം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |

2022-23 സാമ്പത്തിക വർഷം സ്വയം തൊഴിൽ വ്യക്തിഗതം (ജനറൽ), സ്വയം തൊഴിൽ വനിതാ വ്യക്തിഗതം എല്ലാ വിഭാഗങ്ങൾക്കും എന്നിങ്ങനെ രണ്ട് പദ്ധതികളാണ് ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)SO179/23- സ്വയം തൊഴിൽ ആരംഭിക്കുന്നതിലൂടെ ഉപജീവന മാർഗം കണ്ടെത്തുവാനും അതുവഴി സാമ്പത്തിക സ്ഥിതിയും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണിത്. SO179/23പദ്ധതി പ്രകാരം ഗിരിജ കെ.എസ് പുതുവൽ വീട്, ആറാട്ട് റോഡ് എന്ന ഗുണഭോക്താവിന് ഗിരിജ സ്റ്റോർ എന്ന പേരിൽ ഒരു പെട്ടിക്കട സ്ഥാപിച്ച് സംരംഭം ആരംഭിക്കുന്നതിനായി യൂണിയൻ ബാങ്കിൽ (വർക്കല ബ്രാഞ്ച്) ൽ നിന്ന് 90000/- രൂപ ലോൺ അനുവദിക്കുകയും ടിയാളുടെ ലോൺ അക്കൗണ്ടിലേക്ക് (നമ്പർ 578606440000056) 50000/- രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തു. പ്രസ്തുത അക്കൗണ്ടിന്റെ 31.12.2023 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടിയാൾ ലോൺ തിരിച്ചടവ് നടത്തിയിട്ടില്ല. ഗുണഭോക്താവ് സമർപ്പിച്ച കരാറിൽ ബാങ്ക് വായ്പ മുടക്കം കൂടാതെ കൃത്യമായി അടച്ചുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ സംരംഭം പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് ( നമ്പർ 5/10.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2) SO184/23 - സ്വയം തൊഴിൽ ആരംഭിക്കുന്നതിലൂടെ വനിതകൾക്ക് ഉപജീവന മാർഗം കണ്ടെത്തുവാനും അതുവഴി സാമ്പത്തിക സ്ഥിതിയും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് സംരംഭം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളിൽ നിന്ന് ലോൺ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 90000/- രൂപ വീതം സബ്സിഡി അനുവദിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നിലവിൽ സംരംഭം പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് (നമ്പർ 5/2022-23, 10.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ഗുണഭോക്താവിന്റെ പേര് | ലോൺ അനുവദിച്ച ബാങ്ക് | അക്കൗണ്ട് നം | തുക | സബ്സിഡി തുക | ലോൺ അക്കൗണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരം ബാലൻസ് |
| Sheeja | Punjab National Bank (PUNB0750000 ) | 750000JY00000016 | 108000 | 90000.00 | 5285 |
| Benazir | Indian Overseas Bank ( IOBA0000321 ) | 032103708000056 | 108000 | 90000.00 | 15084 |
| Sheeba | Punjab National Bank (PUNB0750000) | 750000JY00000025 | 108000 | 90000.00 | 0 |

പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ സംരംഭം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 ഉയർന്ന നിരക്കിൽ ലാപ്ടോപ്പ് വാങ്ങി

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 87/23 | |
| പേര് | ഡിഗ്രി തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ. | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (എസ്.സി.പി) | 600000/- | 585648/- |
| ആകെ | 600000/- | 585648/- |
| ബിൽ നം | 135/21.11.2022- 443988/-<br>507/28.03.2023- 141660/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |

ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം അർഹരായ 15 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 6 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ട്. ജെം മുഖേന Pazhoor Ideal Systems Pvt Ltd ന്റെ ഇൻവോയ്സ് നമ്പർ 229/ 02-11-2022 പ്രകാരം ഒരു ലാപ്ടോപ്പിന് 36999/- രൂപ നിരക്കിൽ 12 എണ്ണം 443988/- രൂപയും, Kadavil Infotek Kottayam എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ Kad 22/23-908 24.03.2023 പ്രകാരം ഒരു ലാപ്ടോപ്പിന് 47220/- രൂപ നിരക്കിൽ 3 എണ്ണം 141660 രൂപയും വാങ്ങിയിട്ടുണ്ട്. 15 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി തുക വകയിരുത്തിയിട്ട്, ലാപ്ടോപ്പുകൾ ഒരുമിച്ച് വാങ്ങാതെ ആദ്യം 12 ലാപ്ടോപ്പും, രണ്ടാമത് ഉയർന്ന നിരക്കിൽ 3 ലാപ്ടോപ്പ് വാങ്ങിയതിനാൽ 30663/- രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 02/11.01.2023), വാർഡ്സഭാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 12 വിദ്യാർത്ഥികൾക്ക് വേണ്ടി ജെം മുഖേന ബിഡിംഗ് കഴിഞ്ഞപ്പോൾ കുറഞ്ഞ നിരക്കിൽ ലാപ്ടോപ്പ് ലഭ്യമായതിനാൽ മൂന്ന് കുട്ടികൾക്ക് കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള തുക ബാക്കി വന്നതിനാൽ മുനിസിപാലിറ്റി കൗൺസിൽ തീരുമാനപ്രകാരം മൂന്ന് ലാപ്ടോപ്പ് കൂടി വാങ്ങിയെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ [സ.ഉ(പി) നം 259/2010 തസ്വഭവ തീയതി 08.11.2010] പ്രകാരം വാർഷിക പ്രൊക്യൂർമെന്റ് നടപ്പാക്കുമ്പോൾ ഒരേ ഇനങ്ങൾ വാർഷിക ആവശ്യം മുൻനിർത്തി ഒരുമിച്ച് വാങ്ങേണ്ടതാണ്. എന്നാൽ 41 പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 15 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്കായി രണ്ട് ഘട്ടങ്ങളിലായി വാങ്ങൽ നടത്തിയതിനാൽ 30663/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ മാർഗരേഖ പാലിച്ചുകൊണ്ട് മാത്രം പർച്ചേസുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പഠനമുറി നിർമ്മാണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 84/23 | |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | |
| ഫണ്ട് | അടങ്കൽ | ചെലവ് |

| | | |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1175000/- | 728386/- |
| ആകെ | 1175000/- | 728386/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |

l) പദ്ധതി മാർഗ്ഗരേഖ പ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണം ഉള്ള വീടുകൾക്ക് 120 ചതുരശ്ര അടി വിസ്തീർണ്ണം വരെയുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. എന്നാൽ, ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താവിന് ആനുകൂല്യം വിതരണം ചെയ്തതിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഗുണഭോക്താവ് | വീടിന്റെ വിസ്തീർണ്ണം | കൈപ്പറ്റിയ തുക |
|---|---|---|
| സന്ധ്യ, ആശാൻപറമ്പ്, ശിവഗിരി | 1117 ചതുരശ്ര അടി | 200000 |

li) പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 41/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനസഹായം കൈപ്പറ്റി നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തവർക്കെതിരെ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി, ആകെ കൈപ്പറ്റിയ തുക |
|---|---|---|
| 01 | രഞ്ജിനി, എ.എ നിവാസ്, പുല്ലാനിക്കോട് | 19.02.2022, 125000 |
| 02 | രോഹിണി, പടിഞ്ഞാറ്റതിൽ വീട്, കരുനിലക്കോട് | 23.03.2022, 125000 |

## 1-33 വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 82/23 | |
| പേര് | ശ്രീനിവാസപുരം എംജി കോളനിയിൽ തണൽ പദ്ധതി പ്രകാരം നൽകിയ വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (എസ്.സി.പി) | 1310000/- | 400000/- |
| ആകെ | 1310000/- | 400000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |

ഒരു ഗുണഭോക്താവിന് 4,00,000/- രൂപയാണ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താവും മുനിസിപ്പാലിറ്റിയും തമ്മിലുള്ള കരാർ പ്രകാരം വീട് നിർമ്മാണം കരാർ തീയതി മുതൽ

മൂന്ന് മാസത്തിനകം പൂർത്തീകരിക്കുമെന്നാണ്. എന്നാൽ, ആനുകൂല്യം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 42/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | കരാർ തീയതി,ആകെ കൈപ്പറ്റിയ തുക |
|---|---|---|
| 01 | അരുന്ധതി കെ. എംജി കോളനി ,ശ്രീനിവാസപുരം | 02.09.2021, 340000 |
| 02 | പ്രേമലത എൻ, എംജി കോളനി ,ശ്രീനിവാസപുരം | 05.09.2021, 340000 |

മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 വീട് വാസയോഗ്യമാക്കൽ -എസ്സ്.സി - നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0 83/23 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ തുക | 20,00000 |
| ചെലവ് തുക | 1764000 |

വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയ്ക്കായി ഒരു ഗുണഭോക്താവിന് 1,50,000 രൂപ നിരക്കിൽ അടങ്കൽ നിശ്ചയിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താവും മുനിസിപ്പാലിറ്റിയും തമ്മിലുള്ള കരാർ പ്രകാരം, കരാർ തീയതി മുതൽ രണ്ട് മാസത്തിനകം എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിക്കുമെന്നാണ്. എന്നാൽ, ആനുകൂല്യം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 74/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനസഹായം കൈപ്പറ്റി നാളിതുവരെയും പണി പൂർത്തീകരിക്കാത്തവരിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും , ഇത് സംബന്ധിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

| ക്രമ നമ്പർ | ഗുണഭോക്താവ് | കരാർ തീയതി,<br>ആകെ കൈപ്പറ്റിയ തുക |
|---|---|---|
| 01 | വിജയൻ വിജയഭവൻ കല്ലംകോണം വർക്കല | 05.02.2022 , 75000/-രൂപ |
| 02 | മോഹനൻ തൊടിയിൽവീട് കുരയ്ക്കണ്ണി വർക്കല | 22.12.2021 , 75000/-രൂപ |
| 03 | സുഗന്ധി പുതുവർക്കുന്നംപുറത്ത് വീട് ശിവഗിരി | 15.12.2021 .75000/-രൂപ |

## 1-35 സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ - റിപ്പോർട്ട് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0150/2023 |
| പ്രോജക്ടിന്റെ പേര് | സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ |
| അടങ്കൽ | 45000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 13500/- |
| ബിൽ നമ്പർ | 281/03.02.2023 തുക10700/-<br>348/27.02.2023 തുക 2800/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

നഗരസഭയെ ലിംഗ പദവി സൗഹൃദമാക്കുന്നതിനും, സ്ത്രീകളുടെ അവസ്ഥയും, പ്രശ്നങ്ങളും, ആവശ്യങ്ങളും മനസ്സിലാക്കുന്നതിനും വേണ്ടി സ്ത്രീ പദവി പഠനം നടത്തുന്നതിനായി വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. വർക്കല നഗരസഭ കൗൺസിലിന്റെ 30.12.2022 ലെ 15 നമ്പർ തീരുമാന പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ശ്രീമതി ഷാഹിന,

ശ്രീമതി ശാലിനിഎന്നീ രണ്ട് ഡാറ്റാ എന്യൂമറേറ്റർമാരെ നിയമിച്ചിരുന്നു. നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കലിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/18.01.2024) മറുപടിയായി 2022-23 സാമ്പത്തിക വർഷം ജില്ലാതലത്തിൽ നിന്നുള്ള ക്രോഡീകരിച്ച റിപ്പോർട്ട് ലഭിച്ചില്ലായിരുന്നുവെന്നും, 2023-24 സാമ്പത്തിക വർഷം പദ്ധതി സ്പിൽ ഓവറായി വകയിരുത്തിയതായും അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ജില്ലയിൽ നിന്നും റിപ്പോർട്ട് ലഭ്യമായതായും ജില്ലാതല റിപ്പോർട്ട് പ്രകാശനം ചെയ്ത ശേഷം, വർക്കല നഗരസഭയിലും റിപ്പോർട്ട് പ്രകാശനം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 നഗരസഭ ടൗൺഹാൾ ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാകുന്നതിൽ കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭ ടൗൺഹാൾ ഇലക്ട്രിക്കൽ ജോലികൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 103/23 |
| അടങ്കൽ | 44,50,000/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 1498436/- |
| ബിൽ നമ്പർ | 66/31.08.2022 |
| എം ബുക്ക് | 97/21-22 |
| കാലാവധി | 3 മാസം |

മുനിസിപ്പൽ ടൗൺഹാളിന്റെ നവീകരണ പ്രവൃത്തികളിൽ ഉൾപ്പെട്ട ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി ടെണ്ടർ ക്ഷണിക്കുകയും എ വൺ ഏജൻസീസ് എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്(തീയതി 20.01.2022). എന്നാൽ, നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനും നാളിതുവരെ പൂർത്തിയായ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 54/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാകുന്നതിനുള്ള കാലതാമസം ടൗൺഹാളിന്റെ നവീകരണ പ്രവൃത്തികൾ നീണ്ടുപോകുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി ടൗൺഹാൾ നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മുനിസിപ്പൽ എൻജിനീയർ നിർവഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികളുടെ നിർമ്മാണം പൂർത്തിയായെങ്കിലും നാളിതുവരെ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായി 19.1.23ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

1.മുനിസിപ്പൽ ബസ്റ്റാൻഡിലെ ടേക്ക് എ ബ്രേക്കിലെ കഫറ്റേറിയ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
2.വനിതകളുടെ താമസ സൗകര്യത്തിനായി തയ്യാറാക്കിയ ഷീ ലോഡ്ജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുറന്ന പ്രവർത്തനം ആരംഭിച്ചിട്ടില്ല.

3.നഗരസഭയുടെ 2017-18 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൌസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും മെഷിനറികൾ സ്ഥാപിക്കുകയോ സ്ഥാപനം പ്രവർത്തന സജ്ജമാവുകയോ ചെയ്തിട്ടില്ല.

പൂർത്തിയായ പദ്ധതികൾ പ്രവർത്തന സജ്ജമാകാത്തതിന്റെ കാരണം വിശദമാക്കുന്നതിനും പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം വ്യക്തമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 62തീയതി 22.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണം പൂർത്തിയായ പദ്ധതികൾ എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിച്ച് ജനോപകാരപ്രദമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കറവപ്പശു വളർത്തൽ -രേഖകൾ പൂർണമായും ലഭ്യമാക്കാതെ ആനുകൂല്യം അനുവദിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശു വളർത്തൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 139/23 |

| | |
|---|---|
| അടങ്കൽ | 2160000/-<br>(വികസനഫണ്ട്-1080000/-<br>ഗു.വി-1080000/-) |
| ചെലവ് | 1050000/- |
| ബിൽ നമ്പർ | 120000/-157/7.12.22<br>150000/-197/27.12.22<br>150000/-198/27.12.22<br>150000/-307/15.2.23<br>150000/-357/1.3.23<br>90000/-434/21.3.23<br>180000/-186/19.12.22<br>60000/-517/28.3.23 |

കറവപ്പശു വളർത്തൽ പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല .

I)ജയശ്രീ, ടി ജെ നിവാസ് ,കുരയ്ക്കണ്ണി

Ii)ശാലിനി കുമാരി, പടയാർ വിള, കുരക്കണ്ണി

Iii)ഷൈനി ഉദയ്, ഹിമഗിരി, ചാലവിള

Iv)സുധീന, പുതുവൽ പുത്തൻവീട്, നടയറ

V)ചേച്ചി അമ്മാൾ, വിളയിൽ വീട്, ചെറുകുന്നം

Vi)അനശ്വര, ശിവം, പുല്ലാണിക്കോട്

Vii)വീണ, കല്ലുവിളാകം, തൊടുവേ

Viii)ശ്രീകല അത്തം

Ix)താര.വി.എസ്, ഊരുകുഴി വിള വീട്,കരുന്നിലക്കോട്

X)എമിലി, ശിവഗംഗ, പുല്ലാന്നിക്കോട്

Xi)രേവതി, ഉത്രം, പുന്നമൂട്

2)താരാ.വി.എസ് എന്ന ഗുണഭോക്താവ് ആരിൽ നിന്നാണ് പശുവിനെ വാങ്ങിയത് എന്നത് വ്യക്തമല്ല. ഷീല എന്ന ആളിന്റെ അക്കൗണ്ടിലേക്ക്(A/C NO-7500001700005764) 30000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഷീലയുടെ പാസ്ബുക്കിന്റെ കോപ്പിയിൽ അക്കൗണ്ട് നമ്പർ 50370649234 ആണ്. താരയുമായി കരാറിലും ഏർപ്പെട്ടിട്ടില്ല.

3)ഗുണഭോക്താക്കളുമായുള്ള കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. കരാർപത്രങ്ങളിൽ ഗുണഭോക്താക്കളുടെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം -63തീയതി 22.01.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം തുടർ വർഷ പ്രോജക്ടുകളിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-39 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം.

| | |
|---|---|
| പദ്ധതിയുടെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 9/23 |
| അടങ്കൽ | 100000/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 282/4.2.23 |

മൃഗാശുപത്രിയിലേക്ക് നീതി മെഡിക്കൽസ്, വെഞ്ഞാറമൂട്ടിൽ നിന്നും 100000/- രൂപയ്ക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

നീതി മെഡിക്കൽസിൽ നിന്നുള്ള ബിൽ പ്രകാരം മരുന്നുകൾ ലഭ്യമായിരിക്കുന്നത് 11.1.2024ലാണ്. 4.2.23ൽ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം -64/22.1.24).

മരുന്നുകൾ ലഭ്യമാകുന്നതിന് 10 മാസത്തിൽ കൂടുതൽ കാലതാമസം നേരിട്ടതിന് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം തുക കൈമാറിയിട്ടും യഥാസമയം മരുന്നുകൾ ലഭ്യമാക്കാതിരുന്നതിന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-40 കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 138/23 |
| അടങ്കൽ | 800000/-<br>(വികസനഫണ്ട്-400000/- ഉ.വി-400000/-) |
| ചെലവ് | 289346/- |
| ബിൽ നമ്പർ | 50000/-153/3.12.22<br>71205/-233/11.1.23<br>23779/-234/11.1.23<br>50000/-249/17.1.23<br>25000/-266/27.1.23<br>44362/-306/15.2.23<br>25000/-355/1.3.23 |

മുൻസിപ്പാലിറ്റിയിലെ കന്നുകാലി കർഷകരുടെ കാലിത്തൊഴുത്ത് നവീകരിച്ച് വളക്കുഴിയും മൂത്രത്തൊട്ടിയും നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ. 6.3.20ലെ നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കിയപ്പോൾ പൂർണ്ണമായും പാലിച്ചിട്ടില്ല. രണ്ടുവർഷമായി കന്നുകാലികളെ വളർത്തുന്നവർ ആയിരിക്കണം എന്നുള്ളത് ഉറപ്പു വരുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല. ചാണകവും മൂത്രവും ശേഖരിക്കുന്നതിനുള്ള വളക്കുഴിയും സിമന്റ് തൊട്ടിയും നിർമ്മിച്ചത് സംബന്ധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ കൃത്യമായി രേഖപ്പെടുത്തലുകൾ ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്. സർട്ടിഫിക്കറ്റിൽ നവീകരണം സംബന്ധിച്ച് ചെയ്ത പ്രവൃത്തിയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. തുക ചെലവായ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.65/22.1.24).മറുപടി ലഭ്യമാക്കിയിട്ടില്ല .

സർക്കാർ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പി എം എ വൈ പദ്ധതി -അവലോകനം

1) വരവ് ചെലവ് വിവരം

| സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2022-23 | 23880000 | 23880000 | 0 |

2) 2022-23 കാലയളവിൽ പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച വരവ് വിഹിതങ്ങളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | തദ്ദേശ വിഹിതം-ജനറൽ | തദ്ദേശ വിഹിതം-എസ്.സി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | Other Fund | പലിശ | ആകെ |
|---|---|---|---|---|---|---|---|
| 2022-23 | 10600000 | 8200000 | 3810000 | 1270000 | -- | - | 23880000 |

3)പി.എം.എ.വൈ (നഗരം) പദ്ധതിയുടെ 1 മുതൽ 2 വരെയുള്ള DPR പ്രകാരമുള്ള പുരോഗതി .

| DPR | അംഗീകാരം | കരാറിൽ | ആദ്യ ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നാലാം ഗഡു | പൂർത്തിയാ | പൂർത്തിയാ |
|---|---|---|---|---|---|---|---|---|

| | ലഭിച്ചത് | ഏർപ്പെട്ടത് | കൈപ്പറ്റിയവർ | കൈപ്പറ്റിയവർ | കൈപ്പറ്റിയവർ | കൈപ്പറ്റിയവർ | ക്കിയവർ | ക്കാത്തവർ |
|---|---|---|---|---|---|---|---|---|
| 1<br>2017-18 | 183 | 181 | 181 | 181 | 181 | 174 | 174 | 7 |
| 2<br>2018- 19 | 115 | 114 | 114 | 114 | 114 | 112 | 112 | 2 |
| 3<br>2019-20 | 30 | 30 | 30 | 30 | 30 | 30 | 30 | - |
| 4<br>2020-21 | 159 | 158 | 158 | 158 | 147 | 134 | 134 | 13 |
| 5<br>2021-22 | 64 | 43 | 43 | 35 | 21 | 16 | 16 | 27 |
| 6<br>2022-23 | 143 | 117 | 117 | 81 | 42 | 38 | 38 | 78 |
| 7<br>2022-23 | 63 | 53 | 53 | 27 | 19 | 19 | 19 | 34 |

2021-22 വരെ ആദ്യഗഡു കൈപ്പറ്റിയവരിൽ 49 ഗുണഭോക്താക്കൾ ഇനിയും വീട്ടുപണി പൂർത്തീകരിയ്ക്കാത്തതായുണ്ട്. വീട്ടുപണി പൂർത്തീകരിയ്ക്കാത്തവരുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4) പി എം എ വൈ പദ്ധതിയുടെ 1,2 ഡി പി ആറുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട്ടുപണിപൂർത്തീകരിയ്ക്കാത്തതായുണ്ട്. ആദ്യഗഡു കൈപ്പറ്റി 5 വർഷമായിട്ടും വീട്ടുപണി പൂർത്തീകരിയ്ക്കാത്ത താഴെ ചേർക്കുന്നവരുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഡി പി ആർ നം/വാർഡ് നം | ഗുണഭോക്താവിന്റെ പേര് | നിർമ്മാണ ഘട്ടം | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|
| 1 | സബീദ. ഒലിപ്പ് വിള വീട്, രഘുനാഥ പുരം | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 6-7-17 |
| 1 | രജി<br>തോപ്പുവിള വീട് | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 9-8-19 |
| 1 | ലക്ഷ്മി. കെ<br>കൊച്ചു വിള വീട് | റൂഫ് പൂർത്തിയാക്കി | 28-3-19 |
| 1 | മുംതാസ്.<br>ചരു വയൽ വീട്, നടയറ | ബേസ്മെന്റ് പൂർത്തിയാക്കി | 31-10-17 |
| 1 | സുലേഖ. (Sc)<br>കുഴിവിള വീട് | ബേസ്മെന്റ് പൂർത്തിയാക്കി | 22-5-17 |
| 1 | നെസിയത്ത്<br>പുത്തൻ വിള വീട്<br>നെടിയറ | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 28-5-17 |
| 1 | താജുന്നീസ<br>തുണ്ടു വിള വീട്<br>പുന്നമൂട് | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 18-5-17 |
| 2 | അമ്പിളി.<br>ശ്രീ മന്ദിരം | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 17-5-18 |
| 2 | രാജി<br>കനാൽ പുറമ്പോക്ക് | ബേസ്മെന്റ് പൂർത്തിയാക്കിയില്ല | 20-5-18 |

## 1-42 വ്യക്തമായ ആസ്തിവിവരങ്ങളില്ലാതെ പാർക്കിംഗ് ഏരിയായിൽ കൽവെർട്ട് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0031/23 |
| പ്രോജക്ടിന്റെ പേര് | പാപനാശം പാർക്കിംഗ് ഏരിയായിൽ കൽവെർട്ട് നിർമ്മാണം(SO) |
| അടങ്കൽ | 1045442 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 732691 |
| ബിൽ നമ്പർ | 532/28.03.2023 |
| കരാറുകാരൻ | ബിജു.ആർ.സി. |
| ഭരണാനുമതി | 03/27.01.2021 |
| സാങ്കേതികാനുമതി | 80428/02.02.2022 |
| എം ബുക്ക് നമ്പർ | 11/22-23 |

വർക്കല മുനിസിപ്പാലിറ്റിയുടെ സ്ഥലത്ത് വാഹനങ്ങൾ സുഗമമായി അകത്ത് കയറ്റുന്നതിനും പാർക്കിംഗ് ഏരിയക്ക് വേണ്ടിയും 2 കൽവെർട്ട്, റാമ്പ് എന്നിവ നിർമ്മിക്കുന്നതിനാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

പ്രസ്തുത പ്രവൃത്തിക്കായി 04.02.2022ലെ ആദ്യ ടെന്ററിലും 22.02.2022ലെ റീ ടെന്ററിലും ബിഡുകളൊന്നും ലഭിച്ചില്ലായെന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ രണ്ട് ക്വട്ടേഷൻ ലഭിച്ചതായും കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ബിജു.ആർ.സി. എന്നയാളെ പ്രവൃത്തി ഏല്പിച്ചു.

പ്രവൃത്തി നിർവ്വഹണ കാലയളവിൽ പ്രദേശവാസികളുടെ തടസ്സമുണ്ടായതായും ഭൂമിയുടെ വിസ്തീർണം, സർവ്വേ നമ്പർ എന്നിവ സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന് താലൂക്ക് സർവ്വേയർ അറിയിച്ചതായും കുറിപ്പ് ഫയലിൽ സൂചനയുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 48/20.01.2024) മറുപടിയായി, നഗരസഭയുടെ അതിർത്തിക്കും PWDറോഡിനും ഇടയിലുള്ള റോഡിന് കുറുകെയാണ് കൽവെർട്ട് നിർമ്മിച്ചിട്ടുള്ളതെന്നും പ്രദേശവാസിയുടെ മതിലിനോട് ചേർന്ന് പണിയുന്നതിന് ആരംഭിച്ചപ്പോൾ തടസ്സമുണ്ടാക്കിയതിനാൽ മതിലിൽ നിന്ന് അല്പം മാറ്റി നിർമ്മിക്കാൻ തീരുമാനിച്ചതിനാൽ തടസ്സം പരിഹരിക്കാൻ സാധിച്ചതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നതിനാൽ, ആയത് കഴിയുന്നമുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഫയൽ നമ്പർ PW1/8987/03പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വർക്കല മുനിസിപ്പാലിറ്റി നഗരം ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതിനായി നഗര സഭ സമർപ്പിച്ച പ്രോപ്പോസൽ പ്രകാരം ടൂറിസം ഡിപ്പാർട്ട്മെന്റിൽ നിന്നും 1.5 കോടി രൂപയുടെ പ്രോജക്റ്റിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതിൽ 50ലക്ഷം രൂപ നഗരസഭയിൽ സോളിഡ് വേസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും 50ലക്ഷം രൂപ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ബിന്നുകൾ സ്ഥാപിക്കുന്നതിനും 50ലക്ഷം രൂപ പാപനാശത്ത് ടോയിലറ്റ് ബ്ലോക്ക്, യൂറിനൽ, പാർക്കിംഗ് സൌകര്യം എന്നിവയ്ക്കുമായാണ്.

ടൂറിസം ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുടെ 65126/എ3/07/ടിഎസ്എം തീയതി 24.03.2008 ഉത്തരവ് പ്രകാരം 50ലക്ഷം രൂപ പാർക്കിംഗ് സൌകര്യത്തിനും ടോയിലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനുമായി അനുവദിച്ചു. 11/2008ൽ 16.29ആർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 21 ലക്ഷം രൂപ സ്പെഷ്യൽ തഹസീൽദാർ, എൽ.എ. യൂണിറ്റിന് നൽകുകയും പ്രസ്തുത സ്ഥലം തഹസീൽദാർ ഏറ്റെടുത്ത് നൽകുകയും ചെയ്തു.

അക്വയർ ചെയ്ത വസ്തുവിന്റെ കോമ്പൻസേഷൻ തുകയുമായി ബന്ധപ്പെട്ട് വ്യവഹാരങ്ങളുണ്ടായതായും ബഹു. കേരള ഹൈക്കോടതി Land Acquisistion നടപടികൾ റദ്ദ് ചെയ്തതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരം, മുനിസിപ്പാലിറ്റിയുടെ ആസ്തിയായി മുതൽക്കൂട്ടാത്ത സ്ഥലത്താണ് 7ലക്ഷം രൂപയിലധികം ചെലവ് ചെയ്ത് കൽവെർട്ട് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി സ്ഥലം നിയമപരമായ നടപടികൾ സ്വീകരിച്ച് മുനിസിപ്പാലിറ്റിയുടെ ആസ്തിയാക്കി വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-43 നിക്ഷേപ പ്രവൃത്തിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചതിൽ വിനിയോഗശേഷം തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കി.

2021-22 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 276/22 പ്രകാരം 150000/- രൂപയും, പ്രോജക്റ്റ് നമ്പർ 219/22 പ്രകാരം 1170000/- രൂപയും ഉൾപ്പെടെ 1617000/- രൂപ 29.03.2022 തീയതിയിൽ സി.എഫ്.സി ഫണ്ടിൽ നിന്നും പൈപ്പ്ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 28.01.2023 തീയതിയിൽ ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 10099154/- രൂപ വിനിയോഗിച്ചതായും 517846/- ചെക്ക് നമ്പർ 068305 തീയതി 07/02/2023 പ്രകാരം തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക " Deposited Plan Fund Refunded From KWA To Be Paid To Treasury" എന്ന് രേഖപ്പെടുത്തി ചെലാൻ നമ്പർ KL03129699220222 3m തീയതി 24/03/2023 പ്രകാരം ROP ഹെഡിലേയ്ക്ക് ( 3604- 00-911-99) തിരികെ അടവാക്കിയിരിക്കുന്നു. ഇത്തരത്തിൽ സി.എഫ്.സി ഗ്രാന്റിൽ നിന്നും അനുവദിച്ച തുകയിൽ നിന്നും വിനിയോഗ ശേഷം തിരികെ ലഭ്യമായ തുക ROP ഹെഡിലേയ്ക്ക് തിരികെ അടവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (61/22.01.2024) മറുപടിയായി ഭാവിയിൽ സി.എഫ്.സി ഗ്രാന്റിൽ നിന്നും വിനിയോഗ ശേഷം ലഭിക്കുന്ന തുക ബന്ധപ്പെട്ട

അക്കൗണ്ടിലേയ്ക്ക് മാത്രമേ തിരികെ അടവാക്കുകയുള്ളൂവെന്നും ട്രഷറിയിലേയ്ക്ക് ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിന് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ സി.എഫ്.സി അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 പേയ്മെന്റ് വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.

2022-23 വർഷത്തെ പേയ്മെന്റ് വൗച്ചറുകളോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല. ചെലവുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി വിവിധ സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുള്ള ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കേണ്ടതായി വരുന്നു. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 70/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പേയ്മെന്റ് വൗച്ചറുകളോടൊപ്പം, അവയുടെ ആധികാരികത ഉറപ്പാക്കുന്ന വിധത്തിലുള്ള അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം മുൻകൂറായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | മുൻകൂർ സ്വീകരിച്ച വ്യക്തി | ഉദ്ദേശ്യം | വൗച്ചർ നം | ചെക്ക് നം/ തീയതി | തുക |
|---|---|---|---|---|---|
| 1 | ശ്രീ.സുഭാഷ്കുമാർ.ബി RI R2/373/22 | പാപനാശം ബസ്റ്റാൻഡ് എന്നിവിടങ്ങളിൽ സൂചനാ ബോർഡ് സ്ഥാപിക്കൽ | 23, 12/22 | 616911/06.12.2022 | 3000 |
| 2 | ശ്രീ.സോജി. എ.റ്റി സീനിയർ ക്ലർക്ക് A2/662/23 | വികസന സെമിനാർ ചെലവ് | 14, 03/23 | 410868/13.03.2023 | 45000 |

മുൻകൂർ ക്രമീകരിക്കാത്തവരിൽനിന്നും, 04.10.2011 ലെ ജി.ഒ (പി) 419/2011/ധന ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 70/22.01.2024) മറുപടി ലഭ്യമാക്കിയില്ല.മേൽ മുൻകൂർ തുകകൾ ക്രമീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-46 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല

കേരള മുൻസിപ്പാലിറ്റി ആക്ട്, സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിൽ നിന്നും കൊടുക്കേണ്ടതിനാൽ, സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളമുള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാനഫണ്ടിലേക്ക് അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനും 2022-23 വർഷം അടവാക്കിയതിന്റെ വിവരവും, അടവാക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/16-1-23) ലഭ്യമാക്കിയ മറുപടിയിൽ 2015-16 വരെയുള്ള കാലയളവിൽ 334518 രൂപ അടവാക്കി എന്നും ബാക്കിയുള്ള തുക ഒടുക്കുന്നതിന് ഫണ്ട് അപര്യാപ്തതയുള്ളതിനാൽ സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. നഗര സഭ തനത് ഫണ്ട് ലഭിക്കുന്നത് അനുസരിച്ച് ബാക്കി തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറി, മുനിസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-47 വജ്രജൂബിലി ഫെല്ലോഷിപ്പ് - രേഖകൾ പൂർണ്ണമായും ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 112/23 |
| പ്രോജക്റ്റിന്റെ പേര് | വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരൻമാർക്ക് ഓണറേറിയം |
| അടങ്കൽ | 180000-വികസന ഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് | 180000-വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിററ് എൻക്വയറി നമ്പർ | 78/22-1-24 |

കേരളത്തിന്റെ തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരം സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാല് കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് കലാപരിശീലനത്തിനുള്ള ചുമതല നൽകിയിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) സ.ഉ(കൈ)നം.30/2019/തസ്വഭവ തീയതി. 03.03.2019 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കീഴിൽ പരിശീലനത്തിന് താല്പര്യമുള്ള വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് വാർഡ് തല സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ, പ്രസ്തുത സമിതി രൂപീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, പ്രോജക്ട് പ്രകാരം പരിശീലനത്തിന് തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

2) മേൽ മാർഗരേഖ പ്രകാരം, കലാപരിശീലനം ആഴ്ചയിൽ കുറഞ്ഞത് നാല് ദിവസങ്ങളിൽ നടത്തേണ്ടതും കലാ പരിശീലനം നടത്തുന്നുണ്ടെന്ന് തദ്ദേശ സ്ഥാപനം ഉറപ്പു വരുത്തണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ സെന്ററുകളിൽ സർക്കാർ മാർഗരേഖ പ്രകാരമുള്ള നിശ്ചിത ദിവസങ്ങളിൽ പരിശീലന ക്ലാസ് നടപ്പാക്കിയിട്ടുണ്ടോ എന്നത് ഉറപ്പു വരുത്താനുതകുന്ന രേഖകൾ ഫയലിലില്ല.

3) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 78/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ.ഉ(കൈ)നം.30/2019/തസ്വഭവ തീയതി. 03.03.2019 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വാർഡ് തല സമിതിയും മോണിറ്ററിംഗ് സമിതിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചാണ് പദ്ധതി നടപ്പാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-48 സാമൂഹ്യ സുരക്ഷ മിഷന് വിഹിതം കൈമാറൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 108/23 |
| പ്രോജക്ടിന്റെ പേര് | സാമൂഹ്യ സുരക്ഷാ മിഷൻ - നഗരസഭ വിഹിതം അടവാക്കൽ |
| അടങ്കൽ | 1500000-വികസന ഫണ്ട് ജനറൽ |
| ചെലവ് | 1500000 |
| വൌച്ചർ/ ബിൽ നമ്പർ | 49/6-8-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നമ്പർ | 77/22-1-24 |

കേരള സാമൂഹ്യ സുരക്ഷ മിഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഭാവന നൽകുന്നതിനായി പതിനഞ്ച് ലക്ഷം വകയിരുത്തിയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. മേൽ ബിൽ പ്രകാരം തുക കേരള സോഷ്യൽ സെക്യൂരിററി മിഷന് കൈമാറിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 10-2-22 ലെ യോഗനടപടി തീരുമാനം നമ്പർ 4.63 പ്രകാരം ധന സഹായം സ്വീകരിക്കുന്ന അർഹതപ്പെട്ട രോഗികളുള്ള നഗര സഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക

നൽകാവുന്നതാണെന്നും തദ്ദേശ സ്ഥാപനങ്ങൾക്ക നൽകുന്ന വിഹിതം അതാത്ര തദ്ദേശ സ്ഥാപനങ്ങളിലെ രോഗികൾക്ക കിട്ടുന്നു എന്ന് ഉറപ്പു വരുത്തണം എന്ന് നിഷ്കർഷിക്കുന്നു. സ ഉ (സാധാ) നം 559/22 തസ്വഭവ തിയ്യതി- 9-3-22 പ്രകാരം ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗര സഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിററി മിഷന് തുക നൽകാവുന്നതാണെന്നും, തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണമെന്നും സ്പഷ്ടമാക്കിയിട്ടുണ്ട്. മേൽ വ്യവസ്ഥകൾ ഉറപ്പുവരുത്തിയതിന്റെയും പഞ്ചായത്ത് പരിധിയിലുള്ള എത്ര ഗുണഭോക്താക്കൾ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉണ്ടെന്നും അവർക്ക് തുക ലഭിച്ചത് ഉറപ്പുവരുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം-77/22-1-24 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടുണ്ട്. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കൂടി പാലിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-49 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷനായി തുക നൽകൽ- വിനിയോഗ വിവരം അനുബന്ധരേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 207/23 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ |
| അടങ്കൽ | 2500000-സി എഫ് സി |
| ചെലവ് | 2463194 |
| വൌച്ചർ നം/ ബിൽ നം - | 190/21-12-22-389695<br>404/6-3-23-1463194<br>377/8-3-23-610305 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

നഗര സഭ പരിധിയിൽ സ്ട്രീറ്റ് മെയിൻ എത്താത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. താഴെ ചേർക്കുന്ന വാർഡുകളിലെ പ്രവർത്തികൾക്കായാണ് തുക കൈമാറിയിരിക്കുന്നത്.

| വാർഡ് നം | തുക |
|---|---|
| 1 | 240857 |
| 2 | 60876 |
| 3 | 35630 +11029 |
| 4 | 118248 |
| 5 | 1194744 |
| 6 | 249151 |
| 7 | 162964 |
| 11 | 389695 |
| ആകെ | 2463194 |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല.

1. പതിനാലാം പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ)നം 86/22 തസ്വഭവ തിയ്യതി 19-4-22 ഖണ്ഡിക 12-2- -ഡി (I) പ്രകാരം തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട് .എന്നാൽ അപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. പതിനൊന്നാം വാർഡിലെ മെയിൻ എക്സ്റ്റെൻഷനായി കൈമാറിയ തുകയുടെ (389695) വിനിയോഗ വിവരം ഒഴിച്ച് കൈമാറിയ മറ്റ് തുകകളുടെ വിനിയോഗ വിവരം, കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ ,പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ഫയലിലിൽ ലഭ്യമല്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 75/22-1-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-50 ഫയർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് തുക അനുവദിക്കൽ - വിനിയോഗ വിവരം ,അനുബന്ധരേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 180/23 |
| പ്രോജക്റ്റിന്റെ പേര് | ഫയർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | 1145000 |
| ചെലവ് | 1145000 |
| ബിൽ നം | 177/15-12-22-145000<br>92/13-10-23-207000<br>178/15-12-22-793000 |
| ഫണ്ടിനം | വികസന ഫണ്ട്+ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വർക്കല നഗര സഭാ പരിധിയിലെ ക്ളിഫ്,മൈതാനം, വർക്കല ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഫയർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 7-5-22 ലെ താലൂക്ക് വികസന സമിതിയുടെ യോഗ തീരുമാനം നം- 10 പ്രകാരം വർക്കല പാപനാശത്തും ഹെലിപാഡിലും പവർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിന് നഗര സഭയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വർക്കല അഗ്നി രക്ഷാ നിലയംസ്റ്റേഷൻ ഓഫീസറുടെ 117/22 തിയ്യതി 5-3-22 ലെ കത്തു പ്രകാരം വർക്കല മൈതാനത്ത് ഒരു പവർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 207000രൂപയും ഹെലിപ്പാട് ,പാപനാശം എന്നിവിടങ്ങളിൽ ഫയർ ഹൈഡ്രന്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായ 938000രൂപയും അടക്കം ആകെ 1145000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന രേഖകൾ ലഭ്യമല്ല.

1. പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 86/22 തസ്വഭവ തിയ്യതി 19-4-22 ഖണ്ഡിക 12-2- -ഡി (I) പ്രകാരം തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറിൽ ഏർപ്പെടാതെ തുക കൈമാറാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പും, പെർഫോർമൻസ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യ പത്രവും ലഭ്യമല്ല.

3. പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം ബസ്സ്സ്റ്റാന്റിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ ആയതിന് തുക കൈമാറിയതായോ എസ്റ്റിമേറ്റ് ലഭ്യമായതായോ ഫയലിലിൽ ഇല്ല. പദ്ധതി പ്രകാരം ഉദ്ദേശിച്ച സ്ഥലത്ത് ഫയർ ഹൈഡ്രന്റ് സ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/12-1-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-51 പാപനാശം പ്രദേശത്തെ നഗര സഭയുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തൽ - തുടർ നടപടിവിവരം ലഭ്യമാക്കേണ്ടതാണ്.

വർക്കല പാപനാശംം പ്രദേശത്ത് പാർക്കിംഗ് ഏരിയയും ടോയ്ലറ്റ് ബ്ളോക്കും സ്ഥാപിക്കുന്നതിനായി ടി പ്രദേശത്തെ സർവ്വെ നമ്പർ 568 മുതൽ 582 വരെയും 590 ബി,592 ബി -എന്നിവയിലുൾപ്പെട്ട വസ്തുക്കൾ പൊന്നും വിലക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് 2003 ൽ അക്വിസിഷൻ നടപടികൾ കൈക്കൊള്ളുകയും ഭൂമി കൈമാറിക്കിട്ടിയിട്ടുള്ളതാണെന്നും എന്നാൽ ടി ഭൂമിയിൽ നിരവധി കൈയ്യേറ്റങ്ങൾ നടന്നിട്ടുള്ളതാണെന്നും ടി ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 28-11-21 ലെ 8989/2023 നമ്പർ കത്തു പ്രകാരം സെക്രട്ടറി, അഡീഷണൽ തഹസിൽദാർക്ക് കത്തു നൽകിയിട്ടുണ്ട്.ഇക്കാര്യത്തിലെ തുടർ നടപടിവിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 82/22-1-23 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-52 ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നം | 142/23 | |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) | |
| അടങ്കൽ | 5500000 വികസന ഫണ്ട് (ജനറൽ) | |
| ചെലവ് | 4709794 (വികസന ഫണ്ട് (ജനറൽ) | |
| ബിൽ നം | 154/3-12-22-850000<br>171/13-12-22-550000 | പരാമർശ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് |

| | | |
|---|---|---|
| | 195/24-12-22-450000<br>277/2-2-23-500000<br>515/28-3-23-50000<br>221/6-1-23-150000 | തുക നൽകിയ ബിൽ വിവരം മാത്രം) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ | |

വർക്കല നഗരസഭയിലെ വാസയോഗ്യമല്ലാത്ത വീടുള്ള അർഹരായ ജനറൽ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 55 ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മേൽ ബില്ലുകൾ പ്രകാരം ആദ്യ ഗഡു 50000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

1ശാന്തമ്മാൾ. പി. അനിൽ നിവാസ്, രഘുനാഥപുരം

2. നസീറ ദാർ, കനാൽ പുറമ്പോക്ക്, ചാലുവിള

3. പ്രമീള.എസ്. രോഹിണി വിഹാർ, ജനതാമുക്ക്

4.സരോജം, ഏറൽ വീട്, പുല്ലാനിമുക്ക്

5. സുമംഗല, ലക്ഷ്മി നികേതൻ,

6.അനിൽ കുമാർ. ജെ. ആലിയിറക്കം ,ചിലക്കൂർ

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. സ ഉ (കൈ) 115/2022/ തസ്വഭവ തിയ്യതി 28-5-22 ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച് നിർദ്ദേശം ഉള്ളതാണ്. മേൽ സൂചിപ്പിച്ച അപാകങ്ങളിൽ വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 67/22-1-23 ന് മറുപടി ലഭ്യമാക്കിയില്ല. 7. എ സി ആർ ബിൽ നം 515/28-3-23 പ്രകാരം 50000 രൂപ രാധമണി.ഡി. എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-53 പി എം എ വൈ പദ്ധതി-കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും നൽകാതെ 360000 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 113/23 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് പി എം എ വൈ ഭവന നിർമ്മാണം (ജനറൽ) |
| അടങ്കൽ | 10600000+7950000+2650000 വികസന ഫണ്ട് (ജനറൽ)+ സെൻട്രൽ+ സ്റ്റേറ്റ് ഷെയർ |
| ചെലവ് | 10600000 - വികസന ഫണ്ട് (ജനറൽ) |
| ബിൽ നം | 125/10-11-22-160000,<br>95/14-10-22- 40000,<br>123/10-11-22- 160000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരത്തിൽ ഭൂമിയുള്ള 50 കുടുംബങ്ങൾക്ക് നഗരസഭാവിഹിതം 200000/-നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ

കാണുന്നു.

എ- പി എം എ വൈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 150000/- രൂപ കേന്ദ്ര വിഹിതവും, 50000/- സംസ്ഥാന വിഹിതവും 200000/-രൂപ നഗരസഭാ വിഹിതവുമാണെന്നിരിക്കെ പദ്ധതി നം 113/ 23 ( ലൈഫ് ഭവന നിർമ്മാണം ജനറൽ) പ്രകാരം ധനീസ, അക്കൌണ്ട് നം 03210100027004 lob – എന്ന ഗുണഭോക്താവിന് ബിൽ നം. 125/10-11-22-160000, 95/14-10-22- 40000, 123/10-11-22- 160000 രൂപ എന്നിവ പ്രകാരം ആകെ 360000 രൂപയും പ്ളാൻ ഫണ്ടിൽ നിന്നും അനുവദിച്ച കാണുന്നു. പ്രസ്തുത ഗുണഭോക്താവിന് കേന്ദ്ര ഫണ്ടും, സംസ്ഥാന വിഹിതവും അനുവദിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഇപ്രകാരം 90% തുകയും പ്ളാൻ ഫണ്ടിൽ നിന്നും അനുവദിച്ചതിന്റെ കാരണവും വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 44/19-1-24 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബി. ഷീജ.വി. ചരുവിള, തേരുകുളം ,കുരക്കണ്ണി എന്നവരുടെ ബാങ്ക് അക്കൌണ്ട് വിശദാംശം ഫയലിലില്ല. പേച്ചിയമ്മാൾ എന്ന വ്യക്തിക്ക് 40351101024195 എന്ന അക്കൌണ്ടിലേക്ക് തുകകൾ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 578602010005077 എന്ന അക്കൌണ്ടിന്റെ പകർപ്പാണ് ലഭ്യമായിട്ടുള്ളത്. തുക കൈമാറിയ അക്കൌണ്ട് പ്രസ്തുത ഗുണഭോക്താവിന്റേതാണെന്ന് കാണിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

സി. നഗര സഭയിൽ പി എം എ വൈ പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതു വരെയുള്ള അക്വിറ്റൻസുകൾ നഗര സഭ എഴുതി സൂക്ഷിച്ചിട്ടില്ല.
അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-54 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

**താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. തുക കൈമാറിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .**

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 126/23 | ജില്ലാ ആസൂത്രണ സമിതിക്ക് വിഹിതം കൈമാറൽ | ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി ,ജില്ലാ ആസൂത്രണ സമിതി | വികസന ഫണ്ട് ജനറൽ | 81/23-9-22 | 500000 |
| 2 | 110/22-23 | ഐ കെ എമ്മിന് വിഹിതം നൽകൽ | ഐ കെ എം | വികസന ഫണ്ട് ജനറൽ | 58/14-8-22 | 337473 |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം- 200000രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 84/23 | |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (എസ്.സി.പി) | 1175000/- | 728386/- |
| ആകെ | 1175000/- | 728386/- |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
|---|---|

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകുന്ന പ്രോജക്ട്.

പദ്ധതി മാർഗ്ഗരേഖ [ സ.ഉ. (കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 7.2.13പ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക്, 120 ചതുരശ്ര അടി വിസ്തീർണ്ണം വരെയുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. എന്നാൽ, സന്ധ്യ, ആശാൻപറമ്പ് , ശിവഗിരി എന്ന ഗുണഭോക്താവിന്റെ 1117 ചതുരശ്ര അടി വിസ്തീർണമുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| I | 364/09.03.2022 | 50000<br>(2021-22 വർഷത്തെ ചെലവ്) |
| Ii | 06/16.05.2022 | 75000 |
| Iii | 340/25.02.2023 | 75000 |
| | ആകെ | 200000 |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 41/19.01.2024 ) മറുപടി ലഭ്യമാക്കിയില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി അനുവദിച്ച 200000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 298/23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 84000 | - | 84000 |
| | 277/23 റ്റി എസ് കനാലിന്റെ സൈഡിലുള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ വള്ളക്കടവ് - തൊട്ടിപ്പാലം - കോട്ടമൂല | 669527 | - | 669527 |
| | 180/23 ഫയർ ഹൈഡ്രന്റ് സ്ഥാപിക്കൽ | 1145000 | - | 1145000 |
| കെ.എസ്.ഇ.ബി | 207/23 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2463194 | - | 2463194 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| ഹെഡ് | മുന്നിരിപ്പ് (2021-22 B-18 ,ഷെഡ്യൂൾ പ്രകാരം) | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-18 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| Advance To Implementing Agencies – Specific Grants | 6648948 | 4361721 | 11010669 | 2040984 | 8969685 | 8790158* |

* ഹെഡ് കോഡ് 460500202 – Advance To Implementing Agencies – Specific Grant പരിശോധിച്ചതിൽ കെ.എസ്.ഇ.ബി യ്ക്ക് വൗച്ചർ നമ്പർ 42200600 പ്രകാരം 175927/- രൂപ അനുവദിച്ചതായി കാണുന്നു. പ്രസ്തുത തുക ഏത് പ്രോജക്ടിനായി അനുവദിച്ച തുകയാണെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി യിൽ നിന്നും 359054/- രൂപ വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ ബാക്കി | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | | വർഷാവസാനം അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY Housing | GO(MS)No. 29/ 18/LSGD, Dated.28.02.18 | 24000000 | 0 | 2000000 | - | 22000000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 4.9.1 (1) | ലേല നടപടികളിൽ വീഴ്ച (ഭാഗികമായി ഉൾപ്പെടുത്തിയിരിക്കുന്നു) | വിവരങ്ങൾ ലഭ്യമാക്കിയില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 74434697.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 261335932.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 265492255.00 |
| നീക്കിയിരിപ്പ് | 70278374.75 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 200000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000 | ശ്രീമതി ഹണി.ടി, പട്ടികജാതി വികസന ഓഫീസർ (1,25,000)<br>ശ്രീമതി ഇന്ദു ഗോപാലൻ, പട്ടികജാതി വികസന ഓഫീസർ (75,000) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഇന്ദു ഗോപാലൻ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഡയറക്ടറേറ്റ്, നന്ദാവനം, തിരുവനന്തപുരം | എസ്.ജി. സദനം, കിടയറക്കോണം, വെൺപകൽ.പി.ഒ. നെയ്യാറ്റിൻകര. |
| ശ്രീമതി ഹണി.ടി, പട്ടികജാതി വികസന ഓഫീസർ | ബ്ലോക്ക് ഓഫീസ്, അഴക, ഇടുക്കി | ധന്യ, ശ്രീനിവാസപുരം, വർക്കല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീയതി. 17.12.2001 | 26 |
| 1996-97 | എൽ.എഫ്.റ്റി.ഡി./4/556/2000 തീയതി. 31.01.2001 | 13 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. തീയതി. 27.09.2007 | 50 |
| 1997-98 | എൽ.എഫ്.റ്റി.ഡി./4/858/2000 തീയതി. 31.01.2001 | 12 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ./87/2007 തീയതി. 26.09.2007 | 8 |
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ./4/4562/2005 തീയതി. 17.12.2001 | 15 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ./1634/06 തീയതി. 19.04.2007 | 41 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ./327/08 തീയതി. 20.06.2008 | 45 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ./564/08 തീയതി. 19.01.2009 | 35 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ./565/08 തീയതി. 19.01.2009 | 25 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ./1347/07 തീയതി. 17.03.2010 | 20 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ./1375/07 തീയതി. 17.03.2010 | 30 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ./673/11 തീയതി. 26.12.11 | 23 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ./674/11 തീയതി. 26.12.11 | 43 |
| 2009-10 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1698/12 തീയതി. 18.03.2013 | 36 |
| 2010-11 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/593/13 തീയതി. 24.06.2013 | 27 |
| 2011-12 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1794/13 തീയതി. 21.01.2014 | 25 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1491/2015 തീയതി. 08.10.2018 | 19 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/111/17 തീയതി. 29.02.2018 | 30 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1941/16 തീയതി. 31.12.2021 | 29 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/4/2017(1) തീയതി. 16.04.2016 | 32 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1850/17 തീയതി. 25.01.2018 | 35 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2967/18 തീയതി. 12.03.2019 | 55 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2070/19 തീയതി. 03.03.2021 | 45 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/221/2022 തീയതി. 21.03.2022 | 108 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/1268/2022 തീയതി. 02.08.2022 | 65 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/636/2023 തീയതി. 22.05.2023 | 72 |

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Varkala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Varkala Municipality for the year 2022-2023

**Date: 06/02/2024**

**Joint Director**
**District Office Trivandrum**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Varkala Municipality for the Year 2022-2023 .

**1.Major Observations**

1. Non production of Share certificate of Clean Kerala Company worth Rs.2000000/-. (As per B-13 schedule)

2. Misclassification of Payment Voucher

i) The amount used for asset creation is wrongly booked in revenue head. Details given below

| Project No. / Name | Expenditure | Fund | Head Code (Expenditure booked) | Head Code (Expenditure to be booked) |
|---|---|---|---|---|
| 299/23 Over head Tank and Motor at Helipad | 99000 | CFC Grant | 250400801- Maintain water supply schemes within the respective | 410800100 other Fixed Asset - Municiaplity |

| | | | | |
|---|---|---|---|---|
| | | | Municipal Area | |
| 348/23, Purchase of fridge for Viomithram | 22751 | Development Fund General | 251300501- Welfare of the aged - General | 410700200 Furniture, Fixtures, Fittings and Electrical Appliances Transferred Institutions |
| 323/23, Purchasing Plates and vessels for school | 96273 | Development Fund General | 250401001 Run the Government pre-primary schools, primary schools and high schools | 410800200 other fixed Assets Transferred Institutions |
| 190/23 Mini MCF construction | 1376090 | CFC Grant | 251202601- Sanitation & waste management Public General | 410800100 other Fixed Asset - Municiaplity |

**2.Other Observations**

1. Mandatory Statements are not submitted for Audit. eg: The financial ratios, notes to accounts are not submitted with the annual financial statement.

2. Lapses in making timely and accurate demand entries in respect of tax revenue.

Eg:- Property Tax, Profession Tax

3. Registers are not maintained by recording Demand, collection and Balance statement. Hence the authenticity of amount recorded in balance sheet cannot be verified. eg: Profession Tax, Auction, Rent Registers.

4. Due to the non maintanance of Deposit register, it cannot be verified that the outdated deposits recorded in B-9 schedule of Balance Sheet forfeited as income.

5. No action has been taken to realise the amount of Rs. 15473/- under the Liability head in respect of Stale cheques.

6. Cheques issued ( Canara Bank - OWN Fund (Account Number- 1988101018200) ) Amount Rs. 54900/-, Number of cheques 11, ICICI Bank (Account Number- 143301000482) Amount Rs. 350/-, Number of cheques-1) uncashed for more than three months were not transferred to Stale Cheque Account.

7. Non disclosue of expenses due- Expenses due such as honorarium for members, fuel expenses due in the current fincancial year are not included in balance sheet as provision of expense due (B-9).

8. The amount received through online payment (for property tax) are get throgh IKM payment gateway. There is a delay of arriving money to Municipality account from IKM account. The tendency of keeping Municipality fund into IKMs account should be avoided.

9. Cash book is not maintained as per Kerala Municipality Accounts Rule - 2007, Rule 7

10. The amount given as part bill for asset creation ( 1498436/-) is not included in Annual Financial Statement in the prescribed head in balance sheet.

11. The amount given as advance for deposit works for KSEB does not agree with the amount in Annual Financial statement. Details given below.

| Institution Name | Advance given | |
|---|---|---|
| KSEB | as per sulekha statement 2463194 | As per AFS 2624721 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്